# സംസ്ഥാന വികസന കൗൺസിൽ

## 7.2.2004-ലെ യോഗത്തിന്റെ അജണ്ട

സ്ഥലം: ഗവൺമെന്റ് ഗസ്റ്റ് ഹൗസ്, തൈക്കാട്, തിരുവനന്തപുരം
സമയം: രാവിലെ 10.30 ന്

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
തദ്ദേശസ്വയം ഭരണവകുപ്പ്
തിരുവനന്തപുരം

**അജണ്ട നമ്പർ: 1**

**23.11.2002-ന് കൂടിയ സംസ്ഥാന വികസന കൗൺസിൽ യോഗത്തിലെ നിർദ്ദേശങ്ങളി ന്മേൽ സ്വീകരിച്ച തുടർ നടപടി അവലോകനം.**

| *നിർദ്ദേശങ്ങൾ* | *തുടർ നടപടികൾ* |
|---|---|
| 1 | 2 |
| (1) കണക്കുകൾ സൂക്ഷിക്കുന്നതിന് ജില്ലാ പഞ്ചായത്തുകളിൽ ഫൈനാൻസ് ഓഫീസർമാരുടെ തസ്തിക സൃഷ്ടി ക്കേണ്ടതാണ് | (1) **ജില്ലാ പഞ്ചായത്തുകളിൽ ഫൈനാൻസ് ഓഫീസർ തസ്തിക അനുവദിച്ചിട്ടുണ്ട്.** |
| (2) ഒഴിഞ്ഞു കിടക്കുന്ന ജില്ലാപഞ്ചായത്ത് സെക്രട്ടറിമാരുടെ തസ്തിക അടിയന്തി രമായി നികത്തണം. | (2) **ജില്ലാ പഞ്ചായത്തുകളിലെ സെക്രട്ടറിമാ രുടെ ഒഴിവുകളിൽ നിയമനം നടത്തിയി ട്ടുണ്ട്.** |
| (3) എഞ്ചിനീയർമാരുടെ പുനർവിന്യാസം അടിയന്തിരമായി പൂർത്തിയാക്കണം. | (3) **എഞ്ചിനീയർമാരുടെ പുനർവിന്യാസം പൂർത്തിയായി വരുന്നു.** |
| (4) ജീവനക്കാരെ അടിക്കടി സ്ഥലം മാറ്റുന്ന രീതി അവസാനിപ്പിക്കണം. | (4) **മാനദണ്ഡം പാലിച്ച് സ്ഥലം മാറ്റങ്ങൾ നടത്തുവാൻ കഴിയുന്നത്ര ശ്രമിച്ചിട്ടുണ്ട്.** |
| (5) അധികാര വികേന്ദ്രീകരണത്തെ തുടർന്ന് ജില്ലാ പഞ്ചായത്തുകളിൽ നിക്ഷിപ്തമായ അധിക ജോലികൾ തീർക്കുന്നതിന് ആവശ്യമായ സ്റ്റാഫി ന്റെ ലഭ്യത ഉറപ്പു വരുത്താൻ ജില്ലാ പഞ്ചായത്തുകൾക്ക് ഒരു സ്റ്റാഫ് പാറ്റേൺ നടപ്പാക്കണം | (5) **(i) സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുവാൻ ഗവൺമെന്റ് സെക്രട്ടറിമാരുടെ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.**<br>**(ii) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥ നിയമനം, അവരുടെ ചുമതല, പ്രവർത്തനം വിലയിരുത്തൽ മുതലായ കാര്യങ്ങൾ പരിഗണിച്ച് ഒരു ഉദ്യോഗസ്ഥ നയം ആവിഷ്ക്കരിക്കു ന്നതിനുള്ള തീരുമാനം ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി അംഗീകരിച്ചിട്ടുണ്ട്.** |
| (6) കണക്കുകൾ അപ്ഡേറ്റ് ആക്കുന്നതിന് സ്വതന്ത്ര ഏജൻസിയെ ഏല്പിക്കുന്ന കാര്യം ആലോചിക്കേണ്ടതാണ്. | (6) **തദ്ദേശഭരണ സ്ഥാപനങ്ങളുടെ കണക്കു കൾ ഒറ്റത്തവണ തീർപ്പാക്കൽ സംവിധാനം ഏർപ്പെടുത്തുവാൻ ഭരണ നവീകരണ പരിപാടി പ്രകാരം 30 കോടി രൂപ 2004-05 വാർഷിക ബഡ്ജറ്റിൽ വകയിരു ത്തിയിട്ടുണ്ട്.** |

| നിർദ്ദേശങ്ങൾ | തുടർ നടപടികൾ |
|---|---|
| 1 | 2 |
| (7) സംസ്ഥാനതല പദ്ധതി ചർച്ചകൾക്കായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരെയും ക്ഷണിക്കണം. | (7) 2005-06 വാർഷിക പദ്ധതി മുതൽ സംസ്ഥാന പദ്ധതി രൂപീകരണ ചർച്ചകളിൽ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാരെ ക്ഷണിക്കുന്നതാണ് |
| (8) കൂടുതൽ രേഖകൾ അച്ചടിക്കാനുള്ളതിനാൽ കൂടുതൽ ഫണ്ട് അനുവദിക്കണം. | (8) 2002-03 വാർഷിക പദ്ധതി ആസൂത്രണ ചെലവുകൾക്ക് ആദ്യം നിശ്ചയിച്ച നിരക്കുകൾ പുതുക്കി നല്കിയിട്ടുണ്ട്.<br>(13.12.2002-ലെ ജി.ഒ.(എം.എസ്) 60/2003/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്) |
| (9) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിട്ടു കൊടുത്തിട്ടുള്ള ആശുപത്രികൾ, സ്കൂളുകൾ,ഫാമുകൾ എന്നിവ നടത്തി കൊണ്ടു പോകുന്നതിന് അധിക ഫണ്ട് അനുവദിക്കണം | (9) (i) വിട്ടു കൊടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ വികസനത്തിന് പദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്.<br>(ii) രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ അംഗീകരിച്ചതുപ്രകാരം 2004-05 മുതൽ ലഭിക്കുന്ന മെയിന്റനൻസ് ഗ്രാന്റ് കൈമാറിയ സ്ഥാപനങ്ങളുടെ നടത്തിപ്പിന് വിനിയോഗിക്കാവുന്നതാണ്. |
| (10) ഫാമുകളിൽ നിന്നും ലഭിക്കുന്ന വരുമാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തന്നെ ലഭ്യമാക്കണം. | (10) ഫാമുകളിൽ നിന്നുള്ള വരുമാനം അവയുടെ വികസനത്തിനു വിനിയോഗിക്കുവാൻ അനുവാദം നല്കിയിട്ടുണ്ട്.<br>(27.2.2003-ലെ ജി.ഒ. (ആർ.റ്റി)677/2003/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്) |
| (11) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക ഡി.പി.സി. കൾ രൂപീകരിക്കണം. | (11) ജില്ലാ ആസൂത്രണ സമിതികൾ ഭരണഘടനാ പ്രകാരം രൂപീകരിച്ചിട്ടുള്ള സമിതികളായതിനാൽ കേന്ദ്രാവിഷ്കൃത പരിപാടികൾക്ക് പ്രത്യേകം സമിതി രൂപീകരിക്കുവാൻ കഴിയുകയില്ല. |
| (12) ഡി.പി.സി.കൾ അംഗീകരിച്ച പദ്ധതികൾക്ക് ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെ അനുമതി നേടണമെന്ന വ്യവസ്ഥ ഒഴിവാക്കണം. | (12) അപ്രകാരം വ്യവസ്ഥ ചെയ്തിട്ടില്ല. |

| നിർദ്ദേശങ്ങൾ | തുടർ നടപടികൾ |
| --- | --- |
| 1 | 2 |
| (13) ടെണ്ടർ എക്സസ് അനുവദിക്കാനുള്ള അധികാരം പുനഃസ്ഥാപിക്കണം. | (13) **കെട്ടിടങ്ങളുടെയും പാലങ്ങളുടെയും നിർമ്മാണത്തിനും ഇലക്ട്രിക്കൽ വർക്കുകൾക്കും ടെണ്ടർ എക്സസ് അനുവദിക്കാവുന്നതാണ്.**<br>**(3.11.2003-ലെ ജി.ഒ. (പി) 322/2003/ തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്)** |
| (14) എം.പി./എം.എൽ.എ. ഫണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി ചെലവഴിക്കുകയും ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്ന ചുമതല പുറത്തുള്ള വരെ ഏല്പിക്കുകയും വേണം. | (14) **എം.പി. ഫണ്ട് വിനിയോഗിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗരേഖ അനുസരിച്ചാണ്. പ്രസ്തുത മാർഗ്ഗരേഖ തന്നെയാണ് എം.എൽ.എ. ഫണ്ടിനും അവലംബിച്ചിട്ടുള്ളത്. അവയിൽ മാറ്റം വരുത്തുവാൻ കഴിയുകയില്ല.** |
| (15) 10,000 രൂപവരെയുള്ള ജോലികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിന് ഡി.പി.സി അനുമതി ഒഴിവാക്കി നല്കണം. | (15) **ജില്ലാ ആസൂത്രണ സമിതികൾ പ്രോജക്ടുകൾക്ക് അംഗീകാരം നല്കുന്നതിന് കുറഞ്ഞ പരിധി ഏർപ്പെടുത്തുവാൻ കഴിയുകയില്ല.** |
| (16) പദ്ധതി രേഖ തയ്യാറാക്കുന്നതിന് പരിശീലനം നല്കുകയും 2003 ഏപ്രിൽ വരെ ഇതിന് സമയം അനുവദിക്കുകയും വേണം. നാല് വർഷ പദ്ധതി തയ്യാറാക്കുന്നതിന് കൂടുതൽ സമയം നല്കണം. | (16) **(i) ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വർക്കിംഗ് ഗ്രൂപ്പ്, ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി, ടെക്നിക്കൽ കമ്മിറ്റി എന്നീ സമിതിയിലെ അംഗങ്ങൾക്കും പരിശീലനം നല്കിയിട്ടുണ്ട്.**<br>**(ii) പത്താം പഞ്ചവത്സര പദ്ധതിരേഖ പൂർത്തിയാക്കുന്നതിന് സമയം ദീർഘിപ്പിച്ച് നല്കിയിരുന്നു.** |
| (17) ടെക്നിക്കൽ കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കി ടെക്നിക്കൽ അനുമതി നല്കുന്നതിലുള്ള കാലതാമസം ഒഴിവാക്കണം. | (17) **ടെക്നിക്കൽ കമ്മിറ്റികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാനും സാങ്കേതികാനുമതി സംബന്ധിച്ച് ദ്വൈവാരിക റിപ്പോർട്ട് ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കണമെന്നും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.** |

| നിർദ്ദേശങ്ങൾ | തുടർ നടപടികൾ |
|---|---|
| 1 | 2 |
| (18) പദ്ധതി വിഹിതം നിശ്ചയിക്കുന്നതിന് പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ കൂടി പരിഗണിക്കണം. | (18) **തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം വിഭജിച്ചു നല്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സംസ്ഥാന ആസൂത്രണ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.** |
| (19) വിനോദ നികുതിയിൽ നിന്ന് ഒഴിവാക്കുന്ന കാര്യം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശുപാർശ കൂടി കണക്കിലെടുത്തേ സർക്കാർ പരിഗണിക്കാവൂ. | (19) **ബന്ധപ്പെട്ട ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതാണ്.** |
| (20) ഡി.ആർ.ഡി.എ.കൾ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലാക്കുകയോ നിർത്തലാക്കുകയോ ചെയ്യണമെന്ന് ചില പഞ്ചായത്ത് പ്രസിഡന്റുമാർ അഭിപ്രായപ്പെട്ടു. | (20) **ഗവൺമെന്റിന്റെ പരിഗണനയിലാണ്.** |
| (21) പ്ലാനിംഗ് കമ്മിറ്റി യോഗങ്ങളിൽ കളക്ടറും മറ്റു ജില്ലാതല ഉദ്യോഗസ്ഥരും നിർബന്ധമായും പങ്കെടുക്കണം. | (21) **നിർദ്ദേശം നല്കിയിട്ടുണ്ട്** |
| (22) ബാങ്കുകളുമായി ബന്ധപ്പെട്ട വായ്പാധിഷ്ഠിത പ്രോജക്ടുകൾ ഉണ്ടാക്കുന്ന കാര്യത്തിൽ ബാങ്കുകളുടെസഹകരണം തീരെ ഇല്ലെന്ന കാര്യം യോഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി. | (22) **സംസ്ഥാനതല ബാങ്കേഴ്സ് സമിതി യോഗത്തിൽ ചർച്ച ചെയ്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾക്ക് ബാങ്ക് വായ്പ നല്കണമെന്ന നിർദ്ദേശം അംഗീകരിച്ചിട്ടുണ്ട്.** |
| (23) പദ്ധതി നിർവഹണത്തിൽ വ്യക്തിഗത ഉപഭോക്താക്കളെ ഒഴിവാക്കിയതിനാൽ ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമമായി നടക്കുന്നില്ല. | (23) **വ്യക്തിഗത ഗുണഭോക്താക്കളെ ഒഴിവാക്കുവാൻ നിർദ്ദേശം നല്കിയിട്ടില്ല.** |
| (24) വ്യക്തിഗത ആനുകൂല്യങ്ങളിൽ വീട് അനുവദിക്കണം | (24) **വീട് അനുവദിക്കേണ്ടതില്ലെന്ന് നിർദ്ദേശം നല്കിയിട്ടില്ല.** |
| (25) സമ്പൂർണ്ണ ഭവന പദ്ധതിയെ സംബന്ധിച്ച പ്രശ്നങ്ങൾ ഗവൺമെന്റ് തലത്തിൽ പരിഹരിക്കണം | (25) **വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് പരിഹരിച്ചു വരുന്നു.** |

| | നിർദ്ദേശങ്ങൾ | | തുടർ നടപടികൾ |
|---|---|---|---|
| | 1 | | 2 |
| (26) | കാർഷിക മേഖലയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ടാകണം. | (26) | **2004-05-ലെ പദ്ധതി ആസൂത്രണ മാർഗ്ഗ രേഖയിൽ പ്രത്യേകം മാനദണ്ഡങ്ങൾ ഉൾപ്പെടുത്തുന്നതാണ്.** |
| (27) | ഖരമാലിന്യ നിർമ്മാർജ്ജനത്തിന് പുതിയ ടെക്നോളജി ലഭ്യമാക്കി ശാശ്വത പരിഹാരം കണ്ടെത്തുന്നതിന് സർക്കാർ മുൻകൈ എടുക്കണം. വിളപ്പിൽശാലയിലെ വളം ചെലവഴിക്കാൻ വഴി കണ്ടെത്തണം. വളം നിർമ്മാണശാലയുമായി ബന്ധപ്പെട്ട ടെക്നിക്കൽ കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. | (27) | **ക്ലീൻ കേരള പ്രോജക്ടിൽ വ്യക്തമായ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്** (27, 28, 29) |
| (28) | ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ഗ്രാമ പഞ്ചായത്തുകളുമായി ചേർന്ന് പദ്ധതി ഉണ്ടാക്കാൻ അനുവദിക്കണം. | (28) | |
| (29) | വളം സബ്സിഡിയോടു കൂടി വില്ക്കാൻ സംവിധാനമുണ്ടാകണം | (29) | |
| (30) | കെ.എസ്.ഇ.ബി.യിൽ പണം ഡെപ്പോസിറ്റ് ചെയ്തിട്ടും പണി നടക്കാത്ത കാര്യം ഗൗരവമായി കാണേണ്ടതാണ്. | (30) | **കേരള സംസ്ഥാന വൈദ്യുതി ബോർഡുമായി ചർച്ച ചെയ്ത് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള വർക്കുകൾ മുൻഗണന നല്കി തീർക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.** |
| (31) | തെരുവു വിളക്കുകളുടെ പ്രശ്നം എത്രയും വേഗം പരിഹരിച്ച് ബാംഗ്ലൂരിലെ സംവിധാനം ഏർപ്പെടുത്തണം | (31) | **തെരുവ് വിളക്കുകൾക്ക് മീറ്റർ ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. (2.12.2003-ലെ ജി.ഒ. (എം.എസ്)34/2003/പി.ഡി നമ്പർ ഉത്തരവ്)** |
| (32) | അർബൻ റഗുലേറ്ററി അതോറിറ്റി വേണ്ടെന്ന് വയ്ക്കുന്നതാണ് നല്ലതെന്ന അഭിപ്രായമുയർന്നു. | (32) | **പരിഗണിച്ചു വരുന്നു.** |
| (33) | ടൗൺ പ്ലാനിംഗ് വകുപ്പ് ക്ലിയറൻസ് നല്കുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുമതിയോടു കൂടിയായിരിക്കണം | (33) | **പുതിയ നഗരാസൂത്രണ നിയമം തയ്യാറാക്കുമ്പോൾ ഈ നിർദ്ദേശം പരിഗണിക്കുന്നതാണ്.** |

| നിർദ്ദേശങ്ങൾ<br>1 | | തുടർ നടപടികൾ<br>2 | |
|---|---|---|---|
| (34) | റോഡ് പണിക്ക് ആവശ്യമായ ടാർ പൊതുമരാമത്ത് വകുപ്പ് വാങ്ങുന്ന നിരക്കിൽ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നല്കണം. | (34) | **നിരക്കുകൾ ഏകീകരിച്ചിട്ടുണ്ട്. (20.9.2003-ലെ 9465/ഡി.പി.1/03/ തസ്വഭവ നമ്പർ സർക്കുലർ)** |
| (35) | കോർപ്പറേഷനിലെ വകുപ്പ്തല ഉദ്യോഗസ്ഥരെ മാറ്റി നിയമിക്കുന്നതിനുള്ള കോർപ്പറേഷന്റെ അധികാരം പുനഃസ്ഥാപിക്കുകയും ഉയർന്ന ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുന്നതിന് മുമ്പ് ഗവൺമെന്റ് മേയർമാരുടെ അഭിപ്രായം ആരായുകയും വേണം. | (35) | **വകുപ്പ്തല ഉദ്യോഗസ്ഥരെ മാറ്റി നിയമിക്കുന്നതിന് കോർപ്പറേഷന്റെ അധികാരം പുനഃ സ്ഥാപിച്ചിട്ടുണ്ട്.** |
| (36) | ജീവനക്കാർക്കനുസൃതമായിരിക്കണം എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് നല്കേണ്ടത്. | (36) | **രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള ജനറൽ പർപ്പസ് ഗ്രാന്റ് അനുവദിക്കുന്നത് മാനദണ്ഡങ്ങൾ പ്രകാരമാണ്.** |
| (37) | കോർപ്പറേഷനിൽ ഒരു എൻവിയോൺമെന്റൽ എഞ്ചിനീയറിംഗ് വകുപ്പും എഞ്ചിനീയറും ഇലക്ട്രിക്കൽ എഞ്ചിനീയറും ഉണ്ടായിരിക്കണം. | (37) | **സ്ഥിരമായ സംവിധാനം ആവശ്യമില്ല. ഇലക്ട്രിക്കൽ എഞ്ചിനീയറുടെ സേവനം ആവശ്യമുള്ളപ്പോൾ ഉപയോഗിക്കുവാൻ സംവിധാനം നിലവിലുണ്ട്.** |
| (38) | നഗരസഭകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കണം. | (38) | **തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥ നയരൂപീകരണം എന്ന വിഷയം ഭരണ നവീകരണ പരിപാടിയിൽ അംഗീകരിച്ചിട്ടുണ്ട്.** |
| (39) | സ്കൂൾ, ആശുപത്രി, മുതലായവയുടെ അറ്റകുറ്റപ്പണികൾക്ക് പ്രത്യേകം ഗ്രാന്റ് അനുവദിക്കണം. | (39) | **രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം അനുവദിക്കുന്ന മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്.** |
| (40) | തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബുദ്ധിമുട്ടുകൾ വകുപ്പുകൾ അവലോകനം ചെയ്യണം. | (40) | **ഗവൺമെന്റ് സെക്രട്ടറിമാരും വകുപ്പു തലവന്മാരുമായി സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ ചർച്ച നടത്തിയിട്ടുണ്ട്.** |

| നിർദ്ദേശങ്ങൾ | തുടർ നടപടികൾ |
|---|---|
| 1 | 2 |
| (41) അവശാരയവർക്ക് നീക്കി വച്ചിട്ടുള്ള അഞ്ച് ശതമാനം തുക സ്ഥാപനങ്ങൾ വഴിയോ അസോസിയേഷനുകൾ വഴിയോ ചെലവഴിക്കണം. | (41) **കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് എന്ന സംഘടനയെ കാഴ്ചയില്ലാത്ത വർക്കു വേണ്ടിയുള്ള പ്രോജക്ടുകൾ നിർവഹണം നടത്തുന്ന അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിട്ടുണ്ട്. മറ്റുള്ള വിഭാഗങ്ങളിലെ പ്രോജക്ടുകളുടെ കാര്യം പരിശോധിക്കുന്നതാണ്.** |
| (42) തട്ടുകൾ കുറയ്ക്കുകയും നിലവിലുള്ള സമ്പ്രദായങ്ങൾ കുറെ കൂടി ലളിതമാക്കുകയും വേണം. | (42) **ആസൂത്രണ നടപടികൾ ലഘൂകരിച്ചിട്ടുണ്ട്.** |
| (43) വൈദ്യുതി ബോർഡും സർക്കാർ വകുപ്പുകളും തദ്ദേശഭരണസ്ഥാപനങ്ങൾ നല്കുന്ന ചെക്കുകൾ സ്വീകരിക്കണം | (43) **തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചെക്കുകൾ വൈദ്യുതി ബോർഡ് സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്.** |
| (44) മുനിസിപ്പൽ കോമൺ സർവ്വീസ് ക്രമീകരിക്കുകയും കൂടുതൽ പരിശീലനം നല്കുകയും വേണം. | (44) **തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരിശീലനവും ഉൾപ്പെടുത്തിയിട്ടുണ്ട്.** |
| (45) പൊതു സ്ഥലങ്ങളിൽ ചവർ നിക്ഷേപിക്കുന്നവരെ ശിക്ഷിക്കുന്നതിനായി ഓർഡിനൻസ് കൊണ്ടു വരണം. | (45) **കേരള മുനിസിപ്പാലിറ്റി ആക്ടിലും കേരള പഞ്ചായത്ത് രാജ് ആക്ടിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്.** |

**അജണ്ട നമ്പർ : 2**

**2002-03, 2003-04 വാർഷിക പദ്ധതികൾ ആസൂത്രണ നിർവഹണ കാര്യങ്ങൾ അവലോകനം.**

(വിശദ വിവരങ്ങൾ അനുബന്ധം - 1-ൽ കാണുക)

**അജണ്ട നമ്പർ : 3**

**(a) 2004-05 വാർഷിക പദ്ധതി ആവിഷ്ക്കരിക്കുന്നതിനെക്കുറിച്ച് ചർച്ച.**

**(b) 2004-05 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള കലണ്ടർ- അംഗീകാരത്തിന് നിർദ്ദേശിക്കുന്ന കലണ്ടർ**

| *പ്രവർത്തനങ്ങൾ* | | *തീയതി* |
|---|---|---|
| (1) വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം | : | 20.2.2004 |
| (2) ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികൾ പുനഃക്രമീകരണം | : | 15.3.2004 |
| (3) വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടത് | : | 31.3.2004 |
| (4) ഗ്രാമസഭ/വാർഡ്സഭാ യോഗങ്ങൾ | : | 30.4.2004 |
| (5) ജില്ലാ പഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും മറ്റ് തട്ടുകളുമായുള്ള ചർച്ച | : | 30.4.2004 |
| (6) വികസന സെമിനാർ | : | 10.5.2004 |
| (7) ടെക്നിക്കൽ കമ്മിറ്റികൾ പുനഃസംഘടിപ്പിക്കൽ | : | 15.5.2004 |
| (8) ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികൾ മുഖേന ജില്ലാ ആസൂത്രണ സമിതിക്ക് പദ്ധതി സമർപ്പിക്കേണ്ടത് | | |
| (i) ഗ്രാമപഞ്ചായത്തുകൾ | : | 20.5.2004 |
| (ii) ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും | : | 25.5.2004 |
| (iii) ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുകളും | : | 31.5.2004 |
| (9)ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടേണ്ടത് | | |
| (i) ഗ്രാമപഞ്ചായത്തുകൾ | : | 31.5.2004 |
| (ii) ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും | : | 5.6.2004 |
| (iii) ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുകളും | : | 10.6.2004 |

**അജണ്ട നമ്പർ : 4**

**ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പദ്ധതിരേഖകൾക്കും പ്രോജക്ടുകൾക്കും കാലതാമസം കൂടാതെ അംഗീകാരം നല്കുന്നതിന് ജില്ലാ ആസൂത്രണ സമിതി യോഗങ്ങളിൽ വരുത്തേണ്ട ക്രമീകരണങ്ങൾ-ചർച്ച.**

**അജണ്ട നമ്പർ : 5**

**വർക്കിംഗ് ഗ്രൂപ്പുകൾ, ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികൾ, ടെക്നിക്കൽ കമ്മിറ്റികൾ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നിർദ്ദേശങ്ങൾ.**

*(i)* *വികേന്ദ്രീകൃതാസൂത്രണ പ്രവർത്തകർ, പ്രൊഫഷണലുകൾ, പ്രാക്ടീഷണർമാർ, റിട്ടയർ ചെയ്ത ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി തദ്ദേശഭരണ സ്ഥാപനതലത്തിൽ തയ്യാറാക്കുന്ന പാനലിൽ നിന്ന് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുക, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്ക് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ ചുമതലയിൽ പരിശീലനം നല്കുക.*

*(ii)* *ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികളിലും ടെക്നിക്കൽ കമ്മിറ്റികളിലും ഉൾപ്പെടുത്തുവാൻ യോഗ്യതയുള്ള പ്രഗത്ഭരായ വ്യക്തികളെ കണ്ടെത്തുവാൻ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി (ജില്ലാ കളക്ടർ)യുടെ നേതൃത്വത്തിൽ ഒരു സെർച്ച് കമ്മിറ്റി (Search Committee) രൂപീകരിക്കുക. സന്നദ്ധരായ വ്യക്തികളെ പങ്കെടുപ്പിക്കുന്നതിന് പ്രാദേശിക തലത്തിൽ പത്രക്കുറിപ്പ് പുറപ്പെടുവിക്കുക. ഈ നടപടികൾ പ്രകാരം കണ്ടെത്തുന്നവരെ ഉൾപ്പെടുത്തി മെമ്പർ സെക്രട്ടറിമാർ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാരുമായി കൂടിയാലോചിച്ച് ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികളും ടെക്നിക്കൽ കമ്മിറ്റികളും പുനഃസംഘടിപ്പിക്കുക.*

(iii) *ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർ വികേന്ദ്രീകൃതാസൂത്രണ സംവിധാനത്തിന് രൂപീകരിക്കുന്ന സമിതികളിൽ പൊതുമരാമത്ത്, ജലവിഭവം, ഊർജ്ജം മുതലായ വകുപ്പുകളിലെ ഫീൽഡ്തല ഉദ്യോഗസ്ഥർ നിർബന്ധമായും പങ്കെടുക്കേണ്ടതാണെന്ന് നിർദ്ദേശം നല്കുക.*

**അജണ്ട നമ്പർ : 6**

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ കണക്കുകൾ ഒറ്റത്തവണയായി എഴുതി തയ്യാറാക്കുന്നതിനുള്ള (One Time Updation) സംവിധാനത്തെക്കുറിച്ച് ചർച്ച.**

**അജണ്ട നമ്പർ : 7**

**തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള സംവിധാനത്തെ കുറിച്ച് ചർച്ച.**

**അജണ്ട നമ്പർ : 8**

**തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഫണ്ട് (Maintenance Fund) അനുവദിക്കുന്നതിനെക്കുറിച്ച് ചർച്ച.**

**അജണ്ട നമ്പർ : 9**

## വികേന്ദ്രീകരണ സഹായ പരിപാടി
## (Decentralisation Support Programme)

*അറിവിലേയ്ക്ക് സമർപ്പിക്കുന്നത്.*

വികേന്ദ്രീകരണ സഹായ പരിപാടി ഭരണ നവീകരണ പരിപാടിയുടെ ഒരു പൂരകപരിപാടിയാണ്. അത് റോയൽ നെതർലാന്റ് എംബസിയുടെ (ഡച്ച് ഗവൺമെന്റ്) സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്നതാണ്. ആ പ്രോജക്ടിലെ പ്രധാന ഘടകങ്ങൾ ചുവടെ നല്കുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിന് ദീർഘകാല വികസന പദ്ധതികൾ തയ്യാറാക്കുക.

(ii) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ജെൻഡർ ബഡ്ജറ്റ് തയ്യാറാക്കി ജെൻഡർ ആഡിറ്റ് നടത്തുവാൻ സഹായകരമായ രീതിയിൽ വനിതാഘടക പദ്ധതി പരിഷ്ക്കരിക്കുക.

(iii) പ്രാദേശിക തലത്തിൽ പരിസ്ഥിതി ആഡിറ്റിന് സംവിധാനം ഏർപ്പെടുത്തുക.

(iv) പ്രാദേശിക സ്ഥിതി വിവരകണക്കുകൾ തയ്യാറാക്കുന്ന സംവിധാനം ആസൂത്രണത്തിന് അനുയോജ്യമായ രീതിയിൽ മെച്ചപ്പെടുത്തുക.

(v) ജില്ലാ ആസൂത്രണ സമിതികൾ ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കുക.

(vi) തദ്ദേശഭരണ സ്ഥാപനങ്ങളും ഗവൺമെന്റിതര ഏജൻസികളും തമ്മിൽ സഹവർത്തിത്വം പുലർത്തുന്നതിന് ഒരു സംവിധാനം രൂപപ്പെടുത്തുക.

(vii) ഓംബുഡ്സ്മാൻ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കുക.

(viii) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഭവങ്ങൾ കൈമാറുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കുക

ഈ പ്രോജക്ട് തദ്ദേശസ്വയം ഭരണവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു മിഷൻ മാതൃകയിൽ നടപ്പാക്കുന്നതാണ്.

**അജണ്ട നമ്പർ : 10**

**ഭരണ നവീകരണ പരിപാടി**

**ഭരണ നവീകരണ പരിപാടി (Modernising Government Programme) അനുസരിച്ച് ഫലപ്രദവും കാര്യക്ഷമവും പ്രാപ്യവുമായ തദ്ദേശഭരണ സർക്കാരുകൾ രൂപീകരിക്കുന്നതിന് 33 വിഷയങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അവ അറിവിനും ചർച്ചയ്ക്കും സമർപ്പിക്കുന്നു.**

(ഈ പരിപാടികളുടെ വിശദീകരണങ്ങൾ അനുബന്ധം 2-ൽ കാണുക.)

**അജണ്ട നമ്പർ : 11**

**സമ്പൂർണ്ണ ശുചിത്വ പരിപാടി നടപ്പാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ-ചർച്ച**

(a) സംസ്ഥാനത്തെ 13 ജില്ലകളിൽ സമ്പൂർണ്ണ ശുചിത്വ പരിപാടി നടപ്പിലാക്കി വരുന്നു. മൂന്ന് വർഷം കൊണ്ട് ഗ്രാമ പ്രദേശത്തെ എല്ലാ വീടുകൾക്കും സാനിട്ടറി ലാട്രിൻ, എല്ലാ ഗവൺമെന്റ് സ്കൂളുകൾക്കും മൂത്രപ്പുരയും സാനിട്ടറി ലാട്രിനും, സ്ത്രീകൾക്കു വേണ്ടിയുള്ള ശുചിത്വ സമുച്ചയം (Women Sanitary Complex) ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ റൂറൽ സാനിട്ടറി മാർട്ടും ഉല്പാദന കേന്ദ്രവും (Rural Sanitary Mart and Productive Centre) മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം.

(b) ഒരു സാനിട്ടറി യൂണിറ്റിന് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള സബ്സിഡി 500 രൂപയ്ക്ക് പുറമേ 1500 രൂപ ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾ അവയുടെ പദ്ധതി വിഹിതത്തിൽ വകയിരുത്തി ഒരു യൂണിറ്റിന് 2000 രൂപ സബ്സിഡിയായി അനുവദിക്കാവുന്നതാണ്.

(c) ജില്ലാ പഞ്ചായത്ത് 250 രൂപ, ബ്ലോക്ക് പഞ്ചായത്ത് 250 രൂപ, ഗ്രാമപഞ്ചായത്ത് 1000 രൂപ എന്നീ നിരക്കിലാണ് പദ്ധതി വിഹിതം വകയിരുത്തുന്നത്. ഇത് സംബന്ധിച്ച് ചുവടെയുള്ള നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

(i) മറ്റ് സ്ഥാപനങ്ങളുടെ വിഹിതം ഗ്രാമപഞ്ചായത്തിലേയ്ക്ക് നല്കുന്നതിൽ കാലതാമസം ഒഴിവാക്കുക.

(ii) സംസ്ഥാനത്തെ എല്ലാ അംഗനവാടികൾക്കും ശുചിത്വ സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള പരിപാടി ഏറ്റെടുക്കുക. (എറണാകുളം, പത്തനംതിട്ട ജില്ലകളിൽ ഈ പരിപാടി അംഗീകരിച്ചിട്ടുണ്ട്. മറ്റു ജില്ലകൾ അംഗനവാടികളിൽ Baby Friendly Toilet നിർമ്മിക്കാനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണ്)

(iii) സർവ്വ ശിക്ഷാ അഭിയാൻ പരിപാടിയിൽ സ്കൂളുകളിലെ സാനിട്ടേഷൻ സൗകര്യം ഒരു പ്രത്യേക ഘടകമായതിനാൽ ഇതിന്റെ പ്രവർത്തനം പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിക്കേണ്ടത് ആവശ്യമാണ്.

**അജണ്ട നമ്പർ : 12**

**അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പരിപാടി** മലപ്പുറം ജില്ലയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംയുക്ത സഹകരണത്തോടെ നടപ്പാക്കി വരുന്നു. ആ പരിപാടി മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് ചർച്ച. (പ്രോജക്ടിന്റെ മാർഗ്ഗരേഖ അനുബന്ധം 3-ൽ കാണുക)

**അജണ്ട നമ്പർ : 13**

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ കുടിവെള്ളം, ജലസേചനം മുതലായ പ്രോജക്ടുകളിൽ ഗുണഭോക്തൃ വിഹിതം ക്രമീകരിക്കുന്നതിനെക്കുറിച്ച്-ചർച്ച.**

**അജണ്ട നമ്പർ : 14**

**2004-05 വാർഷിക പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ മുതലായ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ വകയിരുത്തിയിട്ടുള്ള ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട് (Rural Infrastructure Development Fund-RIDF) വിനിയോഗിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനെക്കുറിച്ച്-ചർച്ച.**

**അജണ്ട നമ്പർ : 15**

**മൂന്ന് വയസിൽ താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും ഇളം പ്രായത്തിലുള്ള എല്ലാ പെൺകുട്ടികൾക്കും പൂരക പോഷകാഹാരം വിതരണം ചെയ്യേണ്ടതാണ് എന്ന് സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുണ്ട്. ആ പരിപാടി ഗ്രാമപഞ്ചായത്തുകളും നഗരസഭാ സ്ഥാപനങ്ങളും അംഗൻവാടികളിലൂടെ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച്-ചർച്ച.**

## അനുബന്ധങ്ങൾ


**പേജ്**

1. 2002-03, 2003-04 വാർഷിക പദ്ധതികൾ - പദ്ധതി വിഹിതം, ചെലവ് മുതലായ വിവരങ്ങൾ : 16

2. ഭരണ നവീകരണ പരിപാടിയിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന വിഷയങ്ങളുടെ വിശദീകരണങ്ങൾ : 20

3. അക്ഷയ പരിപാടിയുടെ മാർഗ്ഗരേഖകൾ : 31

4. പ്രസക്തമായ ഗവൺമെന്റ് ഉത്തരവുകൾ : 32

   (I) 13.12.2002-ലെ ജി.ഒ.(എം.എസ്)60/2003/ പ്ലാനിംഗ് നമ്പർ ഉത്തരവ്

   (II) 27.2.2003-ലെ ജി.ഒ. (ആർ.റ്റി)677/2003/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

   (III) 3.11.2003-ലെ ജി.ഒ. (പി) 322/2003/ തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

   (IV) 2.12.2003-ലെ ജി.ഒ. (എം.എസ്)34/2003/പി.ഡി നമ്പർ ഉത്തരവ്

## 1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2002-03,2003-04 വാർഷിക പദ്ധതികൾ

### A. 2002-03 വാർഷിക പദ്ധതി

പത്താം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷമായ 2002-03ലേയ്ക്ക് 1342 കോടി രൂപയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. മുൻവർഷത്തെ നീക്കിയിരുപ്പ് തുകയുൾപ്പെടെ 1623.16 കോടി രൂപ പദ്ധതി ഗ്രാന്റ് വിനിയോഗിക്കുന്നതിന് 180864 പ്രോജക്ടുകളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ളത് എന്ന് താല്ക്കാലിക കണക്കുകൾ സൂചിപ്പിക്കുന്നു. ആകെ പദ്ധതി ഗ്രാന്റിൽ 26.26 ശതമാനം ഉല്പാദനമേഖലയിലും 46.69 ശതമാനം സേവന മേഖലയിലും വകയിരുത്തിയിട്ടുണ്ട്. പശ്ചാത്തല മേഖലയിലേയ്ക്ക് വകമാറ്റിയിട്ടുള്ളത് 27.05 ശതമാനമാണ്. വിശദ വിവരങ്ങൾ ചുവടെ നല്കുന്നു.

**2002-03 വാർഷിക പദ്ധതി വിഹിതം - മേഖലാവിഭജനം**

| | *തദ്ദേശഭരണ സ്ഥാപനം* | *പ്രോജക്ടുകൾ (എണ്ണം)* | *പദ്ധതി വിഹിതം - മേഖലാ വിഭജനം (കോടി രൂപ)* | | | |
|---|---|---|---|---|---|---|
| | | | *ഉല്പാദന മേഖല* | *സേവന മേഖല* | *പശ്ചാത്തല മേഖല* | *ആകെ* |
| | *1* | *2* | *3* | *4* | *5* | *6* |
| 1 | ഗ്രാമപഞ്ചായത്തുകൾ | 14209 | 270.67 | 444.24 | 239.64 | 954.55 |
| 2 | ബ്ലോക്ക് പഞ്ചായത്തുകൾ | 19728 | 55.99 | 109.21 | 51.00 | 216.20 |
| 3 | ജില്ലാ പഞ്ചായത്തുകൾ | 4684 | 64.37 | 89.10 | 55.06 | 208.53 |
| 4 | മുനിസിപ്പാലിറ്റികൾ | 10306 | 19.62 | 64.76 | 55.07 | 139.45 |
| 5 | കോർപ്പറേഷനുകൾ | 4037 | 15.67 | 50.50 | 38.26 | 104.43 |
| | *ആകെ* | *180864* | *426.32* | *757.81* | *439.03* | *1623.16* |
| | **മേഖലാവിഭജനം (ശതമാനം)** | **X** | **26.26** | **46.69** | **27.05** | **100** |

2002-03 വാർഷിക പദ്ധതിയിൽ മുൻഗണന നല്കിയിട്ടുള്ള വികസന മേഖലകളും അവയ്ക്ക് വകയിരുത്തിയിട്ടുള്ള പദ്ധതി ഗ്രാന്റിന്റെ ശതമാനവും ചുവടെ നല്കുന്നു.

| | **വികസന മേഖല** | **ആകെ പദ്ധതി ഗ്രാന്റിൽ മേഖലയുടെ ശതമാനം** |
|---|---|---|
| | **1** | **2** |
| 1 | കാർഷിക വികസനം | 8.56 |
| 2 | മൃഗസംരക്ഷണം | 3.15 |
| 3 | ചെറുകിട ജലസേചനവും മണ്ണ് സംരക്ഷണവും | 7.76 |
| 4 | ചെറുകിട-പരമ്പരാഗത വ്യവസായങ്ങൾ | 4.60 |
| 5 | കുടിവെള്ളം | 6.60 |
| 6 | ആരോഗ്യം | 2.65 |
| 7 | വിദ്യാഭ്യാസം | 4.02 |
| 8 | ശുചിത്വം | 2.34 |
| 9 | ഭവന നിർമ്മാണം | 15.79 |
| 10 | പോക്ഷകാഹാര വിതരണം | 3.81 |
| 11 | റോഡ് | 21.02 |
| 12 | പൊതുകെട്ടിടങ്ങൾ | 3.48 |

2002-03 വാർഷിക പദ്ധതിയിൽ എല്ലാ സ്രോതസുകളിലും കൂടി 2967.31 കോടി രൂപ മുതൽ മുടക്കുണ്ടാകുമെന്നു കണക്കാക്കുന്നു. ആകെ നിക്ഷേപത്തിന്റെ 8.96 ശതമാനം ഗുണ ഭോക്തൃ വിഹിതവും 7.53 ശതമാനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടുമാണ്. വിശദ വിവരങ്ങൾ ചുവടെ നല്കുന്നു.

**2002-03 വാർഷിക പദ്ധതി - വിഭവ സമാഹരണം**
**(താല്ക്കാലിക കണക്ക്)**

| ക്രമനമ്പർ | വിഭവ സ്രോതസ് | തുക (കോടി) | ശതമാനം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | പദ്ധതി ഗ്രാന്റ് | 1623.17 | 54.70 |
| 2 | തനത് ഫണ്ട് | 223.34 | 7.53 |
| 3 | സംസ്ഥാനാവിഷ്കൃത ഫണ്ട് | 112.22 | 3.78 |
| 4 | കേന്ദ്രാവിഷ്കൃത ഫണ്ട് | 354.44 | 11.94 |
| 5 | സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പ | 25.07 | 0.84 |
| 6 | ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ | 111.09 | 3.74 |
| 7 | സന്നദ്ധസേവനം | 30.95 | 1.04 |
| 8 | ഗുണഭോക്തൃവിഹിതം | 265.88 | 8.96 |
| 9 | മറ്റുള്ളവ | 221.15 | 7.45 |
| | **ആകെ** | ***2967.31*** | ***100.00*** |

2002-03 വാർഷിക പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതി ഗ്രാന്റിന്റെ 64.10 ശതമാനം ചെലവായിട്ടുള്ളതായി താല്ക്കാലിക കണക്കുകൾ സൂചിപ്പിക്കുന്നു. പൊതു വിഭാഗത്തിൽ 65.60 ശതമാനവും പ്രത്യേക ഘടക പദ്ധതിയിൽ 56.63 ശതമാനവുമാണ് ചെലവ്.

2002-03 വാർഷിക പദ്ധതിയിലെ പ്രധാന ഭൗതിക നേട്ടങ്ങളുടെ താല്ക്കാലിക വിവരങ്ങൾ ചുവടെ നല്കുന്നു.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2002-03 വാർഷിക പദ്ധതി**
**തെരഞ്ഞെടുത്ത ഭൗതിക നേട്ടങ്ങൾ**

| ക്രമ നമ്പർ | ഇനം | യൂണിറ്റ് | ഭൗതികനേട്ടം | | |
|---|---|---|---|---|---|
| | | | പൊതു വിഭാഗം | പ്രത്യേക ഘടക പദ്ധതി | ആകെ |
| 1 | 2 | 3 | 4 | 5 | 6 |
| 1 | *കൃഷി ഭൂമിയുടെ അധിക വിസ്തൃതി* | ഏക്കർ | 39207.22 | 1494.46 | 40701.68 |
| 2 | *പച്ചക്കറി കൃഷി ഗുണഭോക്താക്കൾ* | എണ്ണം | 126126 | 6472 | 132598 |
| 3 | *കാർഷിക വികസന പരിപാടി- ട്രാക്ടർ വിതരണം* | " | 35 | 1 | 36 |
| 4 | *കാർഷിക വികസന പരിപാടി- ടില്ലർ വിതരണം* | " | 954 | 3 | 957 |
| 5 | *മുട്ട കോഴി വളർത്തൽ യൂണിറ്റ്* | " | 6020 | 544 | 6564 |
| 6 | *ഇറച്ചി കോഴി വളർത്തൽ യൂണിറ്റ്* | " | 386 | 28 | 414 |
| 7 | *കാലിത്തൊഴുത്ത് നിർമ്മാണം* | " | 9812 | 537 | 10349 |

| ക്രമ നമ്പർ | ഇനം | യൂണിറ്റ് | ഭൗതികനേട്ടം | | |
|---|---|---|---|---|---|
| | | | പൊതു വിഭാഗം | പ്രത്യേക ഘടക പദ്ധതി | ആകെ |
| 1 | 2 | 3 | 4 | 5 | 6 |
| 8 | നീർത്തടാധിഷ്ഠിത വികസന പ്രോജക്ടുകൾ | എണ്ണം | 1338 | 22 | 1360 |
| 9 | നീർത്തടാധിഷ്ഠിത വികസന പ്രോജക്ടുകൾ മുഖേന കൃഷി ചെയ്ത ഭൂമി | ഹെക്ടർ | 6699.2 | 220.53 | 6919.73 |
| 10 | സൂക്ഷ്മ സംരംഭങ്ങൾ | എണ്ണം | 3006 | 276 | 3282 |
| 11 | സ്വയം തൊഴിൽ ലഭിച്ചവർ | " | 23123 | 1248 | 24371 |
| 12 | പാവപ്പെട്ടവർ ആരംഭിച്ച സ്വയം തൊഴിൽ യൂണിറ്റുകൾ | " | 2698 | 488 | 3186 |
| 13 | അഗതികൾക്കുള്ള സ്വയം തൊഴിൽ യൂണിറ്റുകൾ | " | 433 | 6 | 439 |
| 14 | അഗതികൾക്കുള്ള തൊഴിൽ പരിശീലന പരിപാടികൾ | " | 487 | 12 | 499 |
| 15 | പരിശീലനം ലഭിച്ച അഗതികൾ | " | 2127 | 58 | 2186 |
| 16 | ഭൂരഹിതർക്ക് ഭൂമി വിതരണം (ഗുണ ഭോക്താക്കൾ) | " | 696 | 2424 | 3120 |
| 17 | ഭൂരഹിതർക്ക് വിതരണം ചെയ്ത ഭൂമി (വിസ്തീർണ്ണം) | ഹെക്ടർ | 1315.49 | 2482.11 | 3797.60 |
| 18 | വീടുകളുടെ നിർമ്മാണം | എണ്ണം | 24945 | 9016 | 33961 |
| 19 | സാനിറ്റേഷൻ യൂണിറ്റുകൾ - നിർമ്മാണം | " | 65803 | 8946 | 74749 |
| 20 | കുടിവെള്ള പ്രോജക്ടുകൾ | " | 9110 | 623 | 9733 |
| 21 | കുടിവെള്ള പ്രോജക്ടുകളിലെ ഗുണ ഭോക്താക്കൾ | " | 146125 | 25750 | 171875 |
| 22 | ഗുണഭോക്തൃ വിഹിതം ഈടാക്കി നടപ്പിലാക്കിയ കുടിവെള്ള പ്രോജക്ടുകൾ | " | 4708 | 104 | 4812 |
| 23 | പുതിയ കിണറുകൾ | " | 7757 | 2044 | 9801 |
| 24 | കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണം | " | 348 | 51 | 399 |
| 25 | ഖരമാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകൾ | " | 147 | -- | 147 |
| 26 | ഖരമാലിന്യം നിർമ്മാർജ്ജനം ചെയ്തത് (അളവ്) | ടൺ | 1221.25 | -- | 1221.25 |
| 27 | ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്ക് വിതരണം ചെയ്ത ഉപകരണങ്ങൾ | എണ്ണം | 1060 | 25 | 1085 |

**B. 2003-04 വാർഷിക പദ്ധതി**

2003-04-ൽ നടപ്പു വർഷത്തെ പദ്ധതി വിഹിതവും മുൻവർഷത്തെ നീക്കിയിരുപ്പു തുകയുടെ വിഹിതവും ഉൾപ്പെടെ 1287.19 കോടി രൂപ (2004 ജനുവരി വരെ) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 31.12.2003 വരെയുള്ള പദ്ധതി ചെലവ്

562.34 കോടി രൂപ ആണെന്ന് കണക്കാക്കുന്നു. 2003-04 വാർഷിക പദ്ധതി വിഹിതം 9.7.2003-ന് ശേഷമാണ് നല്കിയിട്ടുള്ളതെങ്കിലും മുൻധനകാര്യ വർഷത്തിലെ നീക്കിയിരുപ്പ് തുകയിൽ നിന്ന് 2003 ഏപ്രിൽ മാസം മുതൽ ചെലവ് ചെയ്തിട്ടുള്ള 195.43 കോടി രൂപയും 2003-04-ലെ പദ്ധതി വിഹിതത്തിൽ നിന്ന് നല്കിയ തുകയിലെ 366.92 കോടി രൂപയുടെ ചെലവ് ഉൾപ്പെടെയാണ് 2003-04-ലെ പദ്ധതി ചെലവ് കണക്കാക്കിയിട്ടുള്ളത്.

പദ്ധതി ഗ്രാന്റിന്റെ ലഭ്യതയും ചെലവും സംബന്ധിച്ച വിവരങ്ങൾ ചുവടെ നല്കുന്നു.

*(കോടി രൂപ)*

| തദ്ദേശഭരണ സ്ഥാപനങ്ങൾ | 2003-04-ലെ പദ്ധതി വിഹിതം ലഭിച്ച തുക (2004 ജനുവരി) | ആകെ ചെലവ് (2003 (ഡിസംബർ) | | |
|---|---|---|---|---|
| | | നീക്കിയിരുപ്പ് തുകയിൽ നിന്ന് | 2003-04-ൽ അനുവദിച്ച തുകയിൽ നിന്ന് | ആകെ |
| 1 | 2 | 3 | 4 | 5 |
| 1. ഗ്രാമപഞ്ചായത്തുകൾ | 725.44 | 69.45 | 217.28 | 286.74 |
| 2. ബ്ലോക്ക് പഞ്ചായത്തുകൾ | 166.39 | 9.42 | 54.66 | 64.04 |
| 3. ജില്ലാ പഞ്ചായത്തുകൾ | 182.84 | 102.95 | 37.37 | 140.32 |
| 4. മുനിസിപ്പാലിറ്റികൾ | 118.17 | 6.85 | 37.03 | 43.89 |
| 5. കോർപ്പറേഷനുകൾ | 94.35 | 6.76 | 20.58 | 27.35 |
| **ആകെ** | **1287.19** | **195.43** | **366.92** | **562.34** |

പത്താം പഞ്ചവത്സര പദ്ധതിയിലെ രണ്ടാം വാർഷിക പദ്ധതിയിൽ (2003-04) ആവിഷ്ക്കരിച്ച ചില പരിഷ്ക്കാരങ്ങൾ ചുവടെ വിവരിക്കുന്നു.

(i) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ഗ്രാന്റ് മാസഗഡുക്കളായി വിതരണം ചെയ്യുന്ന സംവിധാനം ആരംഭിച്ചു.

(ii) സംസ്ഥാന ഗവൺമെന്റിന്റെ തനതു നികുതിയുടെ 9 ശതമാനം (3.5 ശതമാനം പൊതു ഉദ്ദേശ്യ ഗ്രാന്റ്, 5.5 ശതമാനം മെയിന്റനൻസ് ഗ്രാന്റ്) എന്നീ ഇനങ്ങളിൽ 2004-05 ധനകാര്യ വർഷം മുതൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നല്കുന്നതാണ്.

(iii) തദ്ദേശഭരണ സ്ഥാപനങ്ങളുടെ കണക്കുകൾ ഒറ്റത്തവണയായി തയ്യാറാക്കുന്നതാണ് (one time updation of accounts).

(iv) വസ്തു നികുതി നിരക്ക് കെട്ടിടങ്ങളുടെ അടിത്തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പരിഷ്ക്കരിക്കുന്നതാണ്.

(v) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചട്ടക്കൂടിനുള്ളിൽ പട്ടികവർഗ്ഗ വിഭാഗങ്ങളെ ശാക്തീകരിക്കുന്നതിനും പട്ടികവർഗ്ഗ ഉപപദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുകയുണ്ടായി.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി പാവപ്പെട്ടവരിൽ ഏറ്റവും പാവപ്പെട്ടവരായ അഗതികൾക്ക് പ്രയോജനകരമാകത്തക്ക രീതിയിൽ പരിഷ്ക്കരിക്കുക യുണ്ടായി. അത് പ്രകാരം തയ്യാറാക്കുന്ന ആശ്രയ പ്രോജക്ടിന്റെ പരിചരണ സേവനങ്ങളുടെ പാക്കേജ് പരിപാടി 101 ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കി വരുന്നു.

# 2. ഭരണ നവീകരണ പരിപാടിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന വിഷയങ്ങളുടെ വിശദീകരണങ്ങൾ

## 1. പഞ്ചവത്സര ആസൂത്രണത്തിന്റെ ചട്ടക്കൂട്

*1.1 മാർഗ്ഗദർശക പഞ്ചായത്തുകൾ മുഖേനയുള്ള കർമ്മാധിഷ്ഠിത ഗവേഷണ പദ്ധതി*

ഏറ്റവും നല്ല പ്രാദേശിക വൈദഗ്ദ്ധ്യവും നേതൃത്വവും പ്രകടിപ്പിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ മേഖലകളിൽ തെരഞ്ഞെടുത്ത വിഷയങ്ങളെ അടിസ്ഥാനമാക്കി വികസിപ്പിച്ചെടുത്ത വിശദമായ നടപടിക്രമങ്ങളും സമ്പ്രദായങ്ങളും മനസ്സിലാക്കി ആ മേഖലകളിൽ പ്രവർത്തിച്ച അനുഭവ സമ്പന്നരായ വികേന്ദ്രീകൃതാസൂത്രണ പ്രവർത്തകരുടെ നൈപുണ്യശേഷി മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗപ്പെടുത്തി ജനങ്ങളുടെ അഭിലാഷങ്ങൾ സഫലീകരിക്കുന്ന തരത്തിൽ യഥാർത്ഥ സ്വയം ഭരണ സ്ഥാപനങ്ങളായി രൂപപ്പെടുത്തുന്നതിന് ഉതകുമെന്ന പ്രായോഗിക മാതൃക വികസിപ്പിക്കുക.

*1.2 അഗതികൾക്കും ആലംബഹീനർക്കും വേണ്ടിയുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ*

അയൽക്കൂട്ട ശൃംഖല മുഖേന തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കാവുന്നതും യാഥാർത്ഥ്യത്തിലൂന്നിയതും സ്ഥായിയുമായ ഒരു സാമൂഹ്യ സുരക്ഷാ സംവിധാനം അഗതികൾക്കും ആലംബഹീനർക്കും വേണ്ടി രൂപപ്പെടുത്തി എടുക്കുക എന്നതാണ് ഈ പരിപാടിയുടെ ഉദ്ദേശ്യം. അഗതികളെയും ആലംബഹീനരെയും സംബന്ധിച്ച് വ്യക്തമായ അടിസ്ഥാന സ്ഥിതി വിവരങ്ങൾ (ഡേറ്റാബേസ്) ശേഖരിച്ച് അവർക്കു വേണ്ടി പ്രായോഗികമായ കർമ്മ പദ്ധതിയും അതിന്റെ നടത്തിപ്പ് നിരീക്ഷിക്കുന്നതിന് ഒരു സംവിധാനവും ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിലൂടെ കേരളത്തിലെ അഗതികളുടെയും ആലംബഹീനരുടെയും ജീവിത നിലവാരം ഗണ്യമായി മെച്ചപ്പെടുത്തുവാൻ ഈ പദ്ധതിയ്ക്ക് കഴിയും.

*1.3 ദാരിദ്ര്യ ഡേറ്റാബേസ് തയ്യാറാക്കുന്നതിനും ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിക്കും സഹായകമായി സാമൂഹ്യ വികസന സംഘങ്ങളെ ശാക്തീകരിക്കുക/ശേഷിയുള്ളതാക്കുക.*

ദാരിദ്ര്യത്തിന്റെ തോത് കുറയ്ക്കുന്നതിന് വിവിധ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ ശരിയായ രീതിയിലുള്ള ഏകോപനം ഉറപ്പാക്കുക. അതിന് സമൂഹം സാധുത നല്കിയ ദരിദ്രരെ സംബന്ധിച്ച സ്ഥിതി വിവര കണക്കുകളും എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നടപ്പിലാക്കാവുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ ആവിഷ്ക്കാരവും ആവശ്യമാണ്. പാവപ്പെട്ടവർക്ക് കൈകാര്യം ചെയ്യാവുന്ന തരത്തിലുള്ളതും ഗ്രാമസഭ സാധുത നല്കിയതും സാമൂഹ്യ അംഗീകാരമുള്ളതുമായ ദരിദ്രരെ സംബന്ധിച്ച വിശദമായ സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് താഴെതലത്തിൽ നിന്നും ആരംഭിക്കുന്ന പങ്കാളിത്ത ആസൂത്രണ പ്രക്രിയ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി സംവിധാനത്തിലൂടെ ശക്തിപ്പെടുത്തുക, ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയുടെ നടത്തിപ്പ് മോണിട്ടർ ചെയ്യുന്നതിന് ഒരു സമൂഹാധിഷ്ഠിത മോണിട്ടറിംഗ് സംവിധാനം ആവിഷ്ക്കരിക്കുക എന്നിവ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി.

### 1.4 ആസ്തി മാനേജ്മെന്റ് പദ്ധതി

വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി കൈമാറ്റം ചെയ്തതും തനതായി ആർജ്ജിച്ചതും ഉൾപ്പെടെയുള്ള ആസ്തികളുടെ ഒരു ഡേറ്റാബേസ് തയ്യാറാക്കുക, അവയുടെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച വ്യക്തമായ ധാരണ ഉണ്ടാക്കുക, അതിനാവശ്യമായ വിഭവങ്ങളുടെ തോത് നിർണ്ണയിക്കുക, മുൻഗണനാടിസ്ഥാനത്തിലും വിഭവ ലഭ്യത കണക്കിലെടുത്തും സുതാര്യമായ രീതിയിൽ ഒരു ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുക എന്നീ കാര്യങ്ങൾ ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നു.

### 1.5 നഗര, ഗ്രാമ ആസൂത്രണ നിയമ നിർമ്മാണം

സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള രണ്ട് നഗരാസൂത്രണ നിയമങ്ങളുടെ പരിമിതികൾ ദൂരീകരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൂർണ്ണമായ ഇടപെടലുകളോടു കൂടി, സേവനങ്ങൾ ശരിയായ രീതിയിൽ ലഭ്യമാകുന്നതിനും പ്രക്രിയകളെല്ലാം സുതാര്യമാക്കി പരിസ്ഥിതി, ശുചിത്വം, സുരക്ഷിതത്വം, ആരോഗ്യം, ജനപങ്കാളിത്ത ആസൂത്രണം എന്നിവ കണക്കിലെടുത്ത് സ്ഥലപര ആസൂത്രണ രംഗത്തെ ഏറ്റവും നല്ല ശൈലി അവലംബിച്ചും നഗര-ഗ്രാമ പ്രദേശങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായ ഒരു കരട് നഗര-ഗ്രാമ ആസൂത്രണ നിയമം തയ്യാറാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതുമൂലം ഭാവി കാഴ്ചപ്പാടുള്ളതും ദീർഘകാല സ്വഭാവമുള്ളതും ശാസ്ത്രീയവുമായ ഒരു പങ്കാളിത്ത പ്രാദേശിക ആസൂത്രണ സമീപനം സാധ്യമാക്കുന്നതാണ്.

### 1.6 പൊതു-സ്വകാര്യ മേഖലാ പങ്കാളിത്ത മാർഗ്ഗ നിർദ്ദേശങ്ങൾ

- പൊതു-സ്വകാര്യ മേഖലാ പങ്കാളിത്ത പദ്ധതികളുടെ സാധ്യതകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബോദ്ധ്യപ്പെടുന്ന രീതിയിൽ അവയെ സംവേദിപ്പിക്കുകയും ഉത്തേജിപ്പിക്കുകയും സംഘടിപ്പിക്കുകയും ചെയ്യുക.
- പൊതു-സ്വകാര്യ മേഖലാ പങ്കാളിത്തപദ്ധതികൾ കണ്ടെത്തുന്നതിനും നടപ്പിലാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുക.
- ഈ പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി നടത്തിപ്പ് പൂർണ്ണമായും സുതാര്യവും നീതിയുക്തവുമാക്കുന്നതിനും ആവശ്യമായ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിക്കുക.
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആവശ്യാനുസരണം വിദഗ്ദ്ധരുടെ സഹായത്തോടെ പൊതു-സ്വകാര്യ മേഖലാ പങ്കാളിത്ത രീതി നടപ്പാക്കാൻ അനുയോജ്യമായ മാതൃകാ പ്രോജക്ടുകൾ തയ്യാറാക്കുക.
- പൊതു-സ്വകാര്യ മേഖലാ പദ്ധതിയിൽ പൊതു താല്പര്യം സംരക്ഷിക്കുന്നതിന് അനുയോജ്യമായ നിയന്ത്രണ സംവിധാനം നിർദ്ദേശിക്കുക.
- പ്രാദേശികാസൂത്രണത്തിൽ താല്പര്യമുള്ളവരെ (Stakeholders) ആകർഷിക്കുന്നതിനും പദ്ധതി നിർദ്ദേശങ്ങൾ വിലയിരുത്തുന്നതിനും ദർഘാസുകൾ വിലയിരുത്തുന്നതിനും കരാറുകൾ ഉറപ്പിക്കുന്നതിനും ആവശ്യമായ വിശദമായ മാതൃകാ ഫോർമാറ്റുകൾ തയ്യാറാക്കുക.

- പ്രോജക്ടുകൾ പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും കരാറുകൾ പൂർത്തിയാക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുക.

*1.7 ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ ജില്ലാതല പദ്ധതികൾ*

ഭിന്നതല ആസൂത്രണ രീതിശാസ്ത്രത്തിലൂടെ ആരോഗ്യ, വിദ്യാഭ്യാസ മേഖലകൾക്ക് വേണ്ടി വിദഗ്ദ്ധരും, വകുപ്പ് ഉദ്യോഗസ്ഥരും, തദ്ദേശഭരണ സ്ഥാപനങ്ങളും സംയുക്തമായി ഒരു രീതിശാസ്ത്രം വികസിപ്പിച്ചെടുക്കുക.

ആരോഗ്യ, വിദ്യാഭ്യാസ മേഖലകളുടെ സേവന ഗുണം പൊതുവിലും പ്രത്യേകിച്ച് ദരിദ്ര ജനവിഭാഗങ്ങളുടെ താല്പര്യങ്ങൾ മുൻനിറുത്തിയും മെച്ചപ്പെടുത്തുന്നതിന് വികസന പദ്ധതി തയ്യാറാക്കുക.

ആരോഗ്യ, വിദ്യാഭ്യാസ മേഖലകളുടെ പുരോഗതി വിലയിരുത്തുന്നതിന് ഒരു മോണിട്ടറിംഗ് സംവിധാനം രൂപപ്പെടുത്തുക.

ലഭ്യമായ സൗകര്യങ്ങൾക്കും അനുഭവപ്പെടുന്ന വിടവുകൾക്കും പ്രത്യേകം ഊന്നൽ നല്കി ആരോഗ്യ-വിദ്യാഭ്യാസ മേഖലകളുടെ ഡേറ്റാബേസ് തയ്യാറാക്കുക.

ജില്ലാതലത്തിൽ ഏകോപിപ്പിച്ച രീതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഓരോ മേഖലയിലും വിശദമായ കർമ്മ പദ്ധതികൾ തയ്യാറാക്കുക.

*1.8 ശാരീരികവും മാനസികവുമായ വെല്ലുവിളികളെ നേരിടുന്നവർക്ക് വേണ്ടിയുള്ള സാമൂഹ്യ പുനരധിവാസ പദ്ധതികൾ*

തദ്ദേശഭരണ സ്ഥാപനതലത്തിൽ ജനങ്ങളുടെ അവശത സംബന്ധിച്ച വിശദമായ ഒരു ഡേറ്റാബേസ് തയ്യാറാക്കുക, തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സമൂഹാധിഷ്ഠിത അടിസ്ഥാനത്തിൽ അവശരുടെ പുനരധിവാസത്തിന് ഒരു പങ്കാളിത്ത പദ്ധതി തയ്യാറാക്കുക, ശാരീരികവും മാനസികവുമായ വെല്ലുവിളികളെ നേരിടുന്നവർക്കു വേണ്ടിയുള്ള പരിപാടികളുടെ നടത്തിപ്പിന് ഗവൺമെന്റിതര സംഘടനകളുടെയും ജീവകാരുണ്യ പ്രവർത്തകരുടെയും കൂട്ടായ്മ കെട്ടിപ്പടുക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ.

*1.9 സമ്പർക്ക സൗകര്യത്തിന് (Connectivity) ഊന്നൽ നല്കുന്ന സ്ഥലപര ആസൂത്രണം (Spatial Planning)*

സംസ്ഥാനത്തെ റോഡുകളുടെ ഡേറ്റാബേസ് തയ്യാറാക്കുക, സ്ഥലപര ആസൂത്രണ ത്തിന്റെ അടിസ്ഥാന തത്വങ്ങളും ജനങ്ങളുടെ ന്യായമായ ആവശ്യങ്ങളും താല്പര്യങ്ങളും മുതൽ മുടക്കിനാവശ്യമായ വിഭവലഭ്യതയും ഭാവിയിലെ അറ്റകുറ്റപ്പണി ബാദ്ധ്യതയുമെല്ലാം കണക്കിലെടുത്ത് എല്ലാ വിഭാഗങ്ങളുടെയും അഭിപ്രായ സമന്വയത്തോടെ ഒരു റോഡുവികസന പദ്ധതി തയ്യാറാക്കുകയാണ് ലക്ഷ്യം.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെ ഡേറ്റാബേസിന്റെ അടിസ്ഥാനത്തിൽ സമഗ്ര വികസനത്തിന് മുൻഗണന നിശ്ചയിച്ച കർമ്മ പദ്ധതികൾ തയ്യാറാക്കി ജില്ലാതലത്തിൽ സംയോജിപ്പിക്കുന്നതാണ്.

## 2. പ്രകടനാധിഷ്ഠിത അടിസ്ഥാന സേവനങ്ങൾ പ്രദാനം ചെയ്യൽ

*2.1 പൗരാവകാശ പത്രിക സംയോജിപ്പിച്ച് സേവന പ്രവർത്തന നിലവാരങ്ങൾ ആവിഷ്ക്കരിക്കുക*

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്കൂളുകൾ, ആശുപത്രികൾ, ക്ഷേമ സ്ഥാപനങ്ങൾ എന്നിവയിലെ സേവന നിലവാരം ഉയർത്തുക, നിശ്ചിത നിലവാരത്തിലുള്ള സേവനം ഉറപ്പു വരുത്തുകയും പാവപ്പെട്ടവരെ അവർക്ക് അർഹതപ്പെട്ട അവകാശങ്ങൾ പ്രാപിക്കുന്നതിന് സഹായിക്കുകയും ചെയ്യുക, പൊതുജനങ്ങളുടെയും ജനസമൂഹത്തിന്റെയും വർദ്ധിച്ച പങ്കാളിത്തം ഉറപ്പു വരുത്തുന്ന തരത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പൗരന്മാരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന കാര്യത്തിൽ സംവേദന സമീപനം സ്വീകരിക്കുക, സേവനങ്ങൾ പ്രദാനം ചെയ്യുന്നതിൽ അഴിമതിയും ഇടനിലക്കാരുടെ അവിഹിത ഇടപെടലും ഒഴിവാക്കുക, തദ്ദേശഭരണ സ്ഥാപനങ്ങൾ കൂടുതൽ വികേന്ദ്രീകരണം ആവശ്യപ്പെടാൻ സഹായിക്കും വിധം വികേന്ദ്രീകൃതാസൂത്രണത്തിൽ അവയുടെ വിശ്വാസം വർദ്ധിപ്പിക്കുക മുതലായവയാണ് ഈ പരിപാടിയുടെ ലക്ഷ്യങ്ങൾ.

മെച്ചപ്പെട്ടതും കാലതാമസമില്ലാത്തതുമായ സേവനം സാധാരണക്കാരന് ലഭ്യമാക്കുന്നതിന് പൗരാവകാശരേഖ പ്രസിദ്ധീകരിച്ച് അവ എല്ലാവർക്കും പ്രത്യേകിച്ച് സേവനത്തിന്റെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതാണ്.

*2.2 നിരീക്ഷണ സംവിധാനം രൂപകല്പന ചെയ്ത് ആരംഭിക്കുക*

തദ്ദേശഭരണ സ്ഥാപനങ്ങളും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളും തമ്മിലുള്ള പ്രവർത്തന സംവിധാനം ശക്തിപ്പെടുത്തുന്നതിനും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും വേഗതയുള്ളതും വ്യക്തമായ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ളതുമായ തീരുമാനങ്ങളും സമയോചിതമായ തിരുത്തൽ നടപടികളും സ്വീകരിക്കുന്നതിന് ഒരു ശൃംഖലയിൽ പ്രവർത്തിക്കുന്നതും ശരിയായ രീതിയിൽ രൂപകല്പന ചെയ്തതുമായ ഒരു Management Information System ആവിഷ്ക്കരിക്കുന്നതാണ്.

*2.3 കുറ്റമറ്റ നടത്തിപ്പ് രീതികൾ അവലംബിക്കുക*

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തമനടപടികളും നൂതന പരീക്ഷണങ്ങളും ഡോക്യുമെന്റ് ചെയ്യുക, ഉത്തമ നടപടികളും നല്ല പദ്ധതികളും സംബന്ധിച്ച് പഠനം നടത്തുക, അവയുടെ പ്രചരണത്തിനും സാമൂഹ്യ വിപണനത്തിനും ചട്ടക്കൂട് ആവിഷ്ക്കരിക്കുക, മെച്ചപ്പെട്ട സേവന സംതൃപ്തി കൈവരിക്കുക.

*2.4 വ്യാപന സംവിധാനത്തെ പ്രത്യേക ഉപയോഗത്തിന് അനുയോജ്യമാക്കുക.*

വികസനത്തെ സംബന്ധിച്ച വിജ്ഞാന വ്യാപന സംവിധാനത്തിന്റെ പങ്കും ഉത്തരവാദിത്വങ്ങളും പുനർ നിർവചിക്കുവാനുള്ള ശേഷിയില്ലായ്മയാണ് സേവനം പ്രദാനം ചെയ്യുന്ന കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനപരമായ പരിമിതി.

സമൂഹത്തെ വികസനത്തിനു വേണ്ടി സംഘടിപ്പിച്ച് സജ്ജരാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെ വികസന വിജ്ഞാന വ്യാപന രീതികളിൽ ശേഷിയുള്ളവരാക്കുകയും അവർക്ക് പരിശീലന മോഡ്യൂൾ നടപ്പാക്കുകയുമാണ് ഉദ്ദേശ്യം.

*2.5 തദ്ദേശഭരണ സ്ഥാപനങ്ങളിലെ മികച്ച സേവന പ്രദാനത്തിന് പ്രോത്സാഹനം.*

തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ ലഭ്യമാകുന്ന സേവനങ്ങൾക്ക് Bench Mark തയ്യാറാക്കുക, അതുമായി താരതമ്യം ചെയ്ത് മെച്ചപ്പെട്ട പ്രകടനം നിർണയിക്കാൻ ഒരു നിരീക്ഷണ സംവിധാനം രൂപപ്പെടുത്തുക, അതുമായി ബന്ധപ്പെട്ട പൊതു ചർച്ചകൾക്ക് കൃത്യമായതും അടുക്കും ചിട്ടയോടുകൂടിയതുമായ സ്ഥിതി വിവരങ്ങൾ അപഗ്രഥനം ചെയ്ത് റിപ്പോർട്ട് പ്രസിദ്ധീകരിക്കുക, പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ പ്രോത്സാഹ/നിരുത്സാഹ സംവിധാനം പ്രാവർത്തികമാക്കുക.

**3. പ്രാദേശിക സാമ്പത്തിക വികസനം (Local Economic Development-LED)**

*3.1 പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള അവസരങ്ങൾ കണ്ടെത്തി തെരഞ്ഞെടുത്ത തദ്ദേശ സ്ഥാപനങ്ങളിൽ നടപ്പാക്കുക*

കൃഷി, പരമ്പരാഗത വ്യവസായങ്ങൾ, ജൈവ സാങ്കേതിക വിദ്യ, വിവര സാങ്കേതിക വിദ്യ, വിനോദ സഞ്ചാരം, ആയുർവേദം മുതലായ മേഖലകളിലെ തൊഴിൽ സാദ്ധ്യത ചൂഷണം ചെയ്യുന്നതിന് യുക്തമായ സംവിധാനം ആവിഷ്ക്കരിച്ച് ജനങ്ങളുടെ വരുമാനവും ജീവിതനിലവാരവും മെച്ചപ്പെടുത്തി സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുക.

*3.2 പാവപ്പെട്ടവർക്ക് സ്വീകരിക്കാവുന്ന സൂക്ഷ്മ സംരംഭങ്ങൾ കണ്ടെത്തുക.*

പാവപ്പെട്ടവർക്ക് നൂതന സൂക്ഷ്മ സംരംഭാവസരങ്ങൾ കണ്ടെത്തുകയും അവർക്ക് ആരംഭിക്കാവുന്ന സൂക്ഷ്മ സംരംഭങ്ങളുടെ പ്രോജക്ട് മാതൃകകൾ തയ്യാറാക്കുകയും ചെയ്യുക. അവയുടെ നടത്തിപ്പിനാവശ്യമായ പരിശീലന രീതിശാസ്ത്രവും മാനുവലുകളും തയ്യാറാക്കുക, പരിശീലനം നല്കുന്നതിന് സംസ്ഥാനതല resource person-മാരെ കണ്ടെത്തുക എന്നിവയും ഇതിന്റെ ഘടകങ്ങളാണ്.

*3.3 പ്രാദേശിക സാമ്പത്തിക വികസനത്തിൽ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.*

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് സഹായകമായി പ്രാദേശിക സാമ്പത്തിക വികസന അവസരങ്ങളുടെയും സൂക്ഷ്മ സംരംഭ പ്രോജക്ടുകളുടെയും അടിസ്ഥാനത്തിൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുക, തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാദേശിക സാമ്പത്തിക വികസനത്തിലേയ്ക്ക് നയിക്കുന്ന പ്രോജക്ടുകൾ ശരിയായി കണ്ടെത്തുവാനും മനസിലാക്കുവാനും പ്രാപ്തമാക്കുക, ഉല്പാദന മേഖലയുടെ ആവശ്യങ്ങളും പരമ്പരാഗത മേഖലയിലെ വ്യവസായങ്ങളുടെ പുനഃസംഘടനയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബോദ്ധ്യപ്പെടുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ.

പ്രാദേശിക സാമ്പത്തിക വികസന പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള കരട് മാർഗ്ഗനിർദ്ദേശങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശേഷി വർദ്ധനയ്ക്കുള്ള പരിശീലന മാനുവൽ, പരിശീലനം നല്കാനുള്ള രീതിശാസ്ത്രവും വിശദമായ പരിശീലന കാര്യപരിപാടികളും, പരമ്പരാഗത വ്യവസായങ്ങളെ ശക്തിപ്പെടുത്തുന്നതിനും പുനഃ സംഘടിപ്പിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ, പരമ്പരാഗത വ്യവസായങ്ങൾക്ക് നൂതന മാതൃകകൾ, പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പരിഷ്ക്കരിച്ച പദ്ധതികൾ, പ്രാദേശിക സാമ്പത്തിക വികസന പദ്ധതികൾ ജനങ്ങൾക്ക് വിലയിരുത്താനുള്ള രീതിശാസ്ത്രം മുതലായവ ഈ പരിപാടിയിൽ ഉൾപ്പെടുന്നു.

## 4. ഉത്തരവാദിത്വം ശക്തിപ്പെടുത്തൽ

*4.1 സോഷ്യൽ ആഡിറ്റ് രൂപകല്പനയും നടപ്പാക്കലും*

തദ്ദേശഭരണ സ്ഥാപനങ്ങളുടെ തീരുമാനങ്ങളിൽ നിഷ്പക്ഷതയും ചെലവുകളിൽ ഔചിത്യവും പ്രവൃത്തികളിൽ ന്യായസാധുതയും, നയങ്ങളിൽ ന്യായവും ഉറപ്പ് വരുത്തുന്നതിന് വിവരങ്ങൾ നല്കാനും സുതാര്യത നിലനിർത്താനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചുമതലയുണ്ട്. അതിനാണ് സോഷ്യൽ ആഡിറ്റ് സംവിധാനം ആവിഷ്ക്കരിക്കേണ്ടത്.

വിവിധ ആഡിറ്റ് സംവിധാനങ്ങള ുടെ വ്യാപ്തി പുനർ നിർവചിക്കുക (സാമൂഹ്യ ആഡിറ്റ്, പെർഫോർമൻസ് ആഡിറ്റ്, ലോക്കൽ ഫണ്ട് ആഡിറ്റ്, അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് മുതലായവ), ഗ്രാമസഭകളെ പ്രധാനപ്പെട്ട സാമൂഹ്യ ആഡിറ്റ് സംവിധാനമായി വ്യവസ്ഥാപിതമാക്കുക, പ്രാദേശിക ഉദ്യമങ്ങൾക്ക് യോജിക്കും വിധത്തിൽ സംയോജിപ്പി ക്കാവുന്ന തരത്തിൽ രാജ്യത്തിനകത്തും പുറത്തുമുള്ള ആഡിറ്റ് നടപടിക്രമങ്ങൾ/ പ്രയോഗങ്ങൾ മനസിലാക്കി പ്രാദേശികമായി യോജിച്ച ഒരു സോഷ്യൽ ആഡിറ്റ് സംവിധാനം രൂപപ്പെടുത്തുക, സോഷ്യൽ ആഡിറ്റ് സമ്പ്രദായത്തിന് നിയമ സാധുത നല്കുകയും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുക, സോഷ്യൽ ആഡിറ്റ് സംബന്ധിച്ച് അവബോധം വ്യാപിപ്പിക്കുക, സോഷ്യൽ ആഡിറ്റ് നടത്തുന്നതിന് സമൂഹത്തിൽ താല്പര്യമുള്ളവരെ പ്രാപ്തരാക്കുക, തദ്ദേശഭരണ സ്ഥാപനങ്ങളിൽ സോഷ്യൽ ആഡിറ്റ് ശരിയായ രീതിയിൽ നടത്തുന്നത് മേൽനോട്ടം വഹിക്കാൻ ഒരു സ്വതന്ത്ര നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുക എന്നിവയാണ് പ്രവർത്തനങ്ങൾ.

അതുപ്രകാരം വിവിധതരം ആഡിറ്റ് സമ്പ്രദായങ്ങളെ യുക്തിസഹമാക്കുവാനും സോഷ്യൽ ആഡിറ്റ് നയം പൂർത്തിയാക്കുവാനും, നിയമങ്ങൾക്കും ചട്ടങ്ങൾക്കും ഭേദഗതികൾ വരുത്തുവാനും, സോഷ്യൽ ആഡിറ്റ് മാനുവൽ തയ്യാറാക്കുവാനും സോഷ്യൽ ആഡിറ്റുമായി ബന്ധപ്പെട്ട തുടർ നടപടികൾ, ഓഡിറ്റ് നടത്തുന്നതിനുള്ള പരിശീലനങ്ങൾ, മോഡ്യൂൾ, ആഡിറ്റ് നടത്തുന്നത് സ്വതന്ത്ര നിരീക്ഷണം എന്നിവ ഈ പരിപാടിയുടെ നേട്ടങ്ങളായിരിക്കും.

*4.2 ആഡിറ്റ് നിഗമനങ്ങളുമായി ബന്ധപ്പെടുത്തിയുള്ള ഫണ്ട് വിതരണം.*

തെരഞ്ഞെടുത്ത വികസന മേഖലകളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിലവിലുള്ള പ്രകടനത്തിന്റെ തോത് താരതമ്യം ചെയ്യാൻ ബഞ്ച് മാർക്ക് വികസിപ്പിക്കുക, ബഞ്ച് മാർക്കുമായി താരതമ്യം ചെയ്ത് പ്രകടനത്തിലെ പുരോഗതി വിലയിരുത്തുവാൻ സംവിധാനം രൂപകല്പന ചെയ്യുക, പ്രാദേശികതലത്തിൽ ചർച്ചകളും വിലയിരുത്തലുകളും നടത്തുന്നതിന് അപഗ്രഥനം ചെയ്ത് റിപ്പോർട്ട് പ്രസിദ്ധീകരിക്കുക, പ്രോത്സാഹനം, നിരുത്സാഹപ്പെടുത്തൽ എന്നീ സമ്പ്രദായങ്ങളിലൂടെ വിഭവ വിതരണം പ്രകടനവുമായി ബന്ധപ്പെടുത്തുക.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പെർഫോർമൻസിന് ബഞ്ച്മാർക്ക് ആവിഷ്ക്കരിക്കുക, വ്യക്തമായ അപഗ്രഥന മാർഗ്ഗങ്ങൾ, സ്വതന്ത്രമായ വിലയിരുത്തൽ നടപടിക്രമങ്ങൾ, അപ്പീൽ മുതലായ പെർഫോർമൻസ് സൂചകങ്ങളുടെ അടിസ്ഥാനത്തിലുള്ള നിരീക്ഷണ സംവിധാനം, വാർഷിക പെർഫോർമൻസ് അവലോകന റിപ്പോർട്ട് നിയമസഭയ്ക്ക് സമർപ്പിക്കുക എന്നിവ നേട്ടങ്ങളാകും.

## 5. തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തമാക്കൽ

*5.1 നൂതന ഓഫീസ് മാനേജ്മെന്റ് സംവിധാനം*

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുയോജ്യമായതും ലളിതവും സുതാര്യവും സുസ്ഥാപിതവും വിശ്വാസ്യവുമായ ഒരു ഓഫീസ് മാനേജ്മെന്റ് വ്യവസ്ഥ ആവിഷ്ക്കരിക്കുക, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓഫീസ് മാനുവൽ തയ്യാറാക്കുക, പുതിയ ഓഫീസ് മാനേജ്മെന്റ് വ്യവസ്ഥയ്ക്ക് യോജിച്ച സോഫ്റ്റ് വെയർ വികസിപ്പിക്കുക, എല്ലാ രേഖകളും രജിസ്റ്ററുകളും കൃത്യതയുള്ളതാക്കുക, സോഫ്റ്റ് വെയർ കൈകാര്യം ചെയ്യുന്നതിന് ഉദ്യോഗസ്ഥർക്ക് പരിശീലനം നല്കുക എന്നിവയാണ് ഈ പരിപാടിയുടെ ഘടകങ്ങൾ.

*5.2 മാനേജ്മെന്റ് മാനുവൽ*

തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ ഫലപ്രദമായ പ്രവർത്തനത്തിന് മാനേജ്മെന്റ് മാനുവലുകൾ തയ്യാറാക്കുകയെന്നതാണ് ലക്ഷ്യം.

അതുപ്രകാരം സേവനം പ്രദാനം ചെയ്യുന്നതിലെ ഗുണത്തിൽ പുരോഗതിയും ഉപഭോക്താക്കളുടെ ഇടയിൽ വർദ്ധിച്ച സംതൃപ്തിയും ദരിദ്രർക്കും മുഖ്യധാരയിൽ നിന്ന് പുറന്തള്ളപ്പെട്ടവർക്കും മെച്ചപ്പെട്ട സേവനം നല്കുന്നതിനും കഴിയുന്നതാണ്.

*5.3 പർച്ചേസ് മാനുവൽ*

നിലവിലുള്ള സ്റ്റോർ പർച്ചേസ് നിയമങ്ങൾ സുതാര്യതയോ സാമൂഹിക ആഡിറ്റോ സാധ്യമാകാത്തതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉപയോഗത്തിന് പര്യാപ്തമല്ല.

അതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രാദേശിക വികസനാവശ്യങ്ങൾക്ക് സാധന സാമഗ്രികൾ വാങ്ങുന്നതിന് പുതിയ മാനുവൽ തയ്യാറാക്കുന്നതിനും ആസ്തി വിവരപ്പട്ടികയുടെ മാനേജ്മെന്റ് സംവിധാനം രൂപപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ പരിപാടി.

*5.4 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പൊതുമരാമത്ത് മാനുവൽ*

പൊതുമരാമത്ത് പണികളെ സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾ മരാമത്ത് പ്രവർത്തനങ്ങൾക്കനുയോജ്യമായും വ്യത്യസ്ത സാങ്കേതിക വിദ്യകൾ ഉൾക്കൊള്ളിച്ചും പുതിയ സ്പെസിഫിക്കേഷനുകളും സാങ്കേതിക നിബന്ധനകളും രൂപപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങൾക്കു വേണ്ടി കമ്മ്യൂണിറ്റി കോൺട്രാക്ടിംഗ് ഏർപ്പെടുത്തുന്നതിനും സാമൂഹ്യ ആഡിറ്റ് സാധ്യമാക്കുന്നതുമായ പൊതുമരാമത്ത് പണികൾക്ക് പുതിയ മാനുവൽ തയ്യാറാക്കുക.

അതുപ്രകാരം പൊതുമരാമത്ത് പണികളിൽ സമൂഹത്തിന്റെ പങ്കാളിത്തവും പൊതുമരാമത്ത് പണികൾ നിർവഹിക്കുന്നതിലും പൂർത്തീകരിക്കുന്നതിലും സുതാര്യതയും ഉറപ്പു വരുത്തുന്നതിനും പ്രാദേശികമായി യോജിച്ച സാങ്കേതിക വിദ്യകൾ രൂപീകരിക്കുന്നതിനും പൊതുമരാമത്ത് പണികളിലെ അഴിമതി തടയുന്നതിനും കഴിയുന്നതാണ്.

*5.5 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിവര സാങ്കേതിക വിദ്യാപദ്ധതി*

കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഹ്രസ്വകാല-ഇടക്കാല പദ്ധതികൾ, ഭരണ പരിഷ്ക്കാരങ്ങൾ, ഇലക്ട്രോണിക്ക് ഭരണ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ആധുനിക മാനേജ്മെന്റ് തന്ത്രങ്ങളുടെ പ്രയോഗമാണ് ഈ പരിപാടിയിൽ ലക്ഷ്യമിടുന്നത്.

തദ്ദേശഭരണ സ്ഥാപനങ്ങളെയും പഞ്ചായത്ത്-നഗരകാര്യ വകുപ്പുകളുടെ സംസ്ഥാന, ജില്ലാതല ഓഫീസുകളേയും കമ്പ്യൂട്ടർവല്ക്കരിക്കുന്നതിന് ഘട്ടംഘട്ടമായി പദ്ധതി തയ്യാറാക്കുന്നതാണ്. ലഭ്യമായ വിവരങ്ങൾ ഒറ്റത്തവണയായി പുതുക്കി തദ്ദേശഭരണ

സ്ഥാപനങ്ങളിലെ സംവിധാനങ്ങൾ ചിട്ടപ്പെടുത്തി അർത്ഥപൂർണ്ണമായ പശ്ചാത്തല വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ലഭ്യമാകുമെന്ന് ഉറപ്പു വരുത്തുന്നതാണ്.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഒരു വിവര സാങ്കേതിക വിദ്യാപദ്ധതി, മുൻകാലങ്ങളിലെ രേഖകളുടെ ഒറ്റത്തവണ പുതുക്കലിനുള്ള പ്രചരണ പരിപാടിയും നടപടിക്രമങ്ങളും, ഫോറങ്ങൾ, രജിസ്റ്ററുകൾ തുടങ്ങിയവയുടെ , പരിഷ്ക്കരണം, തെരഞ്ഞെടുക്കപ്പെട്ട മാതൃകാ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ബിസിനസ് പ്രോസസ് റീ-എഞ്ചിനീയറിംഗ് (ബി.പി.ആർ) ഉദ്യമങ്ങളുടെ നിർവഹണം, വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ മാനേജ്മെന്റ് വ്യവസ്ഥ എന്നിവയാണ് നേട്ടങ്ങൾ.

*5.6 തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബഡ്ജറ്റിംഗ് സംവിധാനം.*

വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു ആധുനിക ബഡ്ജറ്റിംഗ് സമ്പ്രദായം ആവിഷ്ക്കരിക്കുകയാണ് ഉദ്ദേശ്യം.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്വീകാര്യമായ ബഡ്ജറ്റ് നിയമങ്ങൾ വികസിപ്പിക്കുക, നിലവിലുള്ള ബഡ്ജറ്റ് മാനുവൽ നിർദ്ദേശങ്ങളെ സമഗ്രവും ലളിതവും ആയി പരിഷ്ക്കരിക്കുക, പുതിയ ഫോറങ്ങളും രജിസ്റ്ററുകളും തയ്യാറാക്കി വിതരണം ചെയ്യുക, തദ്ദേശഭരണ സ്ഥാപനങ്ങളേയും ട്രഷറികളെയും ബന്ധിപ്പിച്ച് പരീക്ഷണാടിസ്ഥാനത്തിൽ ഇലക്ട്രോണിക് ബഡ്ജറ്റിംഗ് ഏർപ്പെടുത്തുക മുതലായവ ഈ പരിപാടിയുടെ നേട്ടങ്ങളായിരിക്കും.

*5.7 തദ്ദേശഭരണ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് സംവിധാനം. .*

തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള ക്യാഷ് അക്കൗണ്ടിംഗിനുപകരം പരിഷ്ക്കരിക്കപ്പെട്ട അക്രൂവൽ അക്കൗണ്ടിംഗ് ഏർപ്പെടുത്തിയാൽ കണക്കുകൾ തയ്യാറാക്കുന്നതിലെ സങ്കീർണ്ണത കുറയ്ക്കുന്നതിനും അക്കൗണ്ടുകൾ തരം തിരിക്കുന്നതിനും ബുക്ക് കീപ്പിംഗിനും വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിനും സഹായകമായിരിക്കും.

അതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഒരു പുതിയ അക്കൗണ്ടിംഗ് സംവിധാനം രൂപപ്പെടുത്തുക, അക്കൗണ്ടിംഗ് നിയമങ്ങൾ പുറപ്പെടുവിക്കുക, അക്കൗണ്ടിംഗ് മാനുവൽ തയ്യാറാക്കുക, അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ വികസിപ്പിക്കുക മുതലായവ ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

*5.8 തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഭവ സമാഹരണം.*

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനസ്ഥിതി വർദ്ധിപ്പിക്കാനുള്ള ശേഷി നിർണയിക്കുന്നതിന് ഒരു രീതിശാസ്ത്രം രൂപപ്പെടുത്തുക, വരുമാന നിർണയ രീതികൾ യുക്തിസഹമാക്കുക, നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിലൂടെ വിഭവസമാഹരണ ശേഷി വർദ്ധിപ്പിക്കുക, വരുമാനം നിർണയിക്കുന്നതിലും വസൂലാക്കുന്നതിലും ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കുക, വിഭവസമാഹരണ ഉദ്യമങ്ങൾക്ക് പ്രോത്സാഹന സംവിധാനം ഏർപ്പെടുത്തുക, വിഭവ സമാഹരണത്തിലെ ക്രമക്കേടുകൾ പരിശോധിക്കുവാൻ വിജിലൻസ് സംവിധാനം ഏർപ്പെടുത്തുക, തെരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ നികുതി വരുമാന സാധ്യത ശാസ്ത്രീയമായി പരിശോധിക്കുക, പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുക മുതലായവയാണ് പ്രവർത്തനങ്ങൾ.

## 6. മനുഷ്യ വിഭവ മാനേജ്മെന്റ്

### *6.1 തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണ സംവിധാനത്തിന്റെ ക്രമീകരണവും ഒരു സീനിയർ മാനേജ്മെന്റ് മാതൃകയുടെ രൂപകല്പനയും*

തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് വിവിധ വകുപ്പികളിൽ നിന്ന് കൈമാറിയ വ്യത്യസ്ത ചുമതലയുള്ള ഉദ്യോഗസ്ഥരുടെ പങ്ക് ഏകോപിപ്പിച്ച് ഒരു മാനേജ്മെന്റ് സംവിധാനം ആവിഷ്ക്കരിക്കുന്നതോടൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് ഉയർന്ന നിലവാരത്തിലുള്ള ചുമതലകൾ വഹിക്കുവാനും ആസൂത്രണ നിർവഹണ കാര്യങ്ങളിൽ നേതൃത്വം നല്കാനുമുള്ള ശേഷി വളർത്തിയെടുക്കേണ്ടതും ആവശ്യമാണ്.

അതിനുവേണ്ടി ഭരണത്തിന് നേതൃത്വം കൊടുക്കാൻ ആവശ്യമായ കഴിവും ഇച്ഛാശക്തിയും പദവിയും ഉള്ള ചീഫ് എക്സിക്യൂട്ടീവ് അടങ്ങിയ ഉയർന്ന മാനേജ്മെന്റ് മാതൃക തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഉണ്ടാകേണ്ടതാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഉന്നത മാനേജ്മെന്റുമായി ബന്ധപ്പെട്ട് നിലവിലുള്ള സാഹചര്യം അവലോകനം ചെയ്ത് വ്യക്തികൾ എന്ന നിലയിലും ഉന്നത മാനേജ്മെന്റ് ഗ്രൂപ്പ് എന്ന നിലയിലും ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ചുമതലകൾ വേർതിരിക്കുക, ഉദ്യോഗസ്ഥരുടെ ഏകോപിത പ്രവർത്തനം സാധ്യമാക്കുക, പ്രൊഫഷണൽ മാനേജ്മെന്റ് ശൈലി വളർത്തിയെടുക്കുക, ഉന്നത മാനേജ്മെന്റിൽ ഒരു നോഡൽ പദവി സംജാതമാക്കുന്നതിലൂടെ ഏകോപനം മെച്ചപ്പെടുത്തുക മുതാലയവ ഈ പരിപാടിയുടെ ഘടകങ്ങളാണ്.

ഒരു നോഡൽ ഉദ്യോഗസ്ഥന്റെ പങ്കുൾപ്പെടെ ഉന്നത മാനേജ്മെന്റിനെക്കുറിച്ചുള്ള നയം രൂപീകരിക്കൽ, ഉന്നത മാനേജ്മെന്റ് നോഡൽ നടപ്പാക്കുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കൽ, നിയമങ്ങൾ, നിബന്ധനകൾ, ഗവൺമെന്റ് ഉത്തരവുകൾ, നിർദ്ദേശങ്ങൾ എന്നിവയുടെ ഭേദഗതി മുതലായവയാണ് നേട്ടങ്ങൾ.

### *6.2 ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കും നല്കേണ്ടുന്ന പരിശീലന ആവശ്യം നിജപ്പെടുത്തുക, പരിശീലനത്തിനു വേണ്ട വിഭവങ്ങളെ ആസ്പദമാക്കി കർമ്മ പദ്ധതി.*

അധികാര വികേന്ദ്രീകരണത്തിൽ ഇതുവരെയുള്ള അനുഭവങ്ങളുടെ ഒരു ദ്രുത വിലയിരുത്തൽ നടത്തുകയും ഇനിയുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുക, തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പരിശീലന ആവശ്യങ്ങൾ തിട്ടപ്പെടുത്തുക, തദ്ദേശഭരണ സ്ഥാപനങ്ങളിലെ മനുഷ്യ വിഭവ ശേഷി കൈകാര്യം ചെയ്യുന്നതിനുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ.

### *6.3 ഉദ്യോഗസ്ഥരുടെ തെരഞ്ഞെടുപ്പ്, ജോലി ഏൽപ്പിക്കൽ, പ്രവർത്തനം വിലയിരുത്തൽ, നിയന്ത്രണം, സ്ഥലംമാറ്റം, ശേഷി വർദ്ധന എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ.*

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദീർഘകാല ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ വേണ്ടി വരുന്ന ഉദ്യോഗസ്ഥരെ കുറിച്ച് വിലയിരുത്തൽ നടത്തുക, അവരുടെ തെരഞ്ഞെടുപ്പ്, സേവന വ്യവസ്ഥകൾ, ചുമതലകൾ നല്കുന്ന രീതി, പ്രവർത്തന നിലവാരം ഉറപ്പാക്കൽ, പ്രവർത്തനം വിലയിരുത്തൽ, നിയമനവും നിയന്ത്രണവും മുതലായ കാര്യങ്ങൾ പ്രതിപാദിക്കുന്ന ഒരു ഉദ്യോഗസ്ഥനയം വികസിപ്പിക്കുക, അത് നടപ്പിലാക്കുന്നതിന് വിശദമായ കർമ്മപരിപാടി ആവിഷ്ക്കരിക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ.

## 7. നയസംബന്ധമായ കാര്യങ്ങൾ

*7.1 തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ഗ്രാമ വികസന വകുപ്പിന്റെയും ചുമതലകൾ ഏകോപിപ്പിക്കൽ.*

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആരോഗ്യകരമായ പ്രവർത്തനം സാധ്യമാക്കുക, പരിമിതമായ വിഭവങ്ങൾ കാര്യക്ഷമമായി വിനിയോഗിക്കുക, വിഭവ നഷ്ടം കുറയ്ക്കുക എന്നീ കാര്യങ്ങളിൽ സർക്കാർ നയങ്ങൾക്ക് ഐക്യരൂപം നല്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ഗ്രാമവികസന വകുപ്പിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയാണ് ലക്ഷ്യം.

*7.2 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഒരു സംയോജിത നയരൂപരേഖ*

അധികാര വികേന്ദ്രീകരണത്തിന്റെ ആദ്യഘട്ടത്തിൽ വർദ്ധിച്ച തോതിൽ അധികാരം നല്കുക, അതിനുശേഷം നടപടി ക്രമങ്ങളും വ്യവസ്ഥകളും തയ്യാറാക്കുക, പദ്ധതി വിഹിതം നല്കിയ ശേഷം അത് കൈകാര്യം ചെയ്യാനുള്ള സംവിധാനം സൃഷ്ടിക്കുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

എന്നാൽ അധികാര വികേന്ദ്രീകരണം സ്ഥാപനവല്ക്കരണ ഘട്ടത്തിലേയ്ക്ക് കടന്നിട്ടുള്ള ഈ ഘട്ടത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പൊതു തത്വങ്ങളും നിശ്ചിത പ്രവർത്തനങ്ങളും വ്യക്തമാക്കുന്ന ഒരു നയപ്രഖ്യാപനം ഉണ്ടാകേണ്ടതാണ്.

അതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സമവായത്തിൽ അധിഷ്ഠിതമായതും ഭാവിയിൽ പ്രയോജനകരമായതുമായ ഒരു സുവ്യക്ത നയത്തിന് രൂപം നല്കുകയാണ് ലക്ഷ്യം.

തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി അടുത്ത പത്തു വർഷത്തേയ്ക്കുള്ള നയപ്രഖ്യാപനവും, അത് പ്രാവർത്തികമാക്കുന്നതിനുള്ള മാർഗ്ഗരേഖയും തയ്യാറാക്കുന്നതാണ്.

തദ്ദേശഭരണ സ്ഥാപനങ്ങൾ എന്തായിരിക്കണമെന്നതിനെക്കുറിച്ച് അവയ്ക്കും ഗവൺമെന്റിനും വ്യക്തമായ കാഴ്ചപ്പാട് ഉണ്ടാക്കുക, തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്ന കാര്യത്തിൽ രാഷ്ട്രീയത്തിനതീതമായ സമന്വയം ഉണ്ടാക്കുക, അതു മുഖേന തദ്ദേശഭരണ സ്ഥാപനങ്ങളെ വളർച്ചയുടെ പാതയിലേയ്ക്ക് നയിക്കുക എന്നിവയാണ് നേട്ടങ്ങൾ.

*7.3 സമാന്തര പദ്ധതികളും സംവിധാനങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചട്ടക്കൂട്ടിൽ കൊണ്ടു വരുക.*

തദ്ദേശഭരണ സ്ഥാപനങ്ങൾ വളരെ ദുർബലമായിരുന്ന കാലത്ത് രൂപീകരിച്ച വികസന അതോറിറ്റികൾ അടിസ്ഥാനപരമായി നഗരാസൂത്രണ നിയമം നടപ്പാക്കാനുള്ള സംവിധാനങ്ങളാണ്. എന്നാൽ ശക്തമായ തദ്ദേശഭരണ സ്ഥാപനങ്ങൾ നിലവിൽ വന്നതോടെ കൈമാറ്റം ചെയ്യപ്പെട്ട ചുമതലകൾ നിർവഹിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് പ്രസക്തിയില്ലാതായിട്ടുണ്ട്.

അതിനാൽ പ്രാദേശികതല വികസന പരിപാടികളിൽ ഒന്നിലധികം ഏജൻസികളുടെ ഒരേ പ്രവർത്തനങ്ങളുടെ ആവർത്തനവും വിഭവനഷ്ടവും ഒഴിവാക്കുക, വികസന വിഷയങ്ങളിൽ ത്രിതല പഞ്ചായത്തുകളിൽ ഓരോ തലത്തിന്റെയും പ്രവർത്തന കാര്യത്തിലുള്ള പങ്ക് വ്യക്തമാക്കുക, സമാന്തര പരിപാടികളും സംവിധാനങ്ങളും കണ്ടെത്തുകയും അവയെ

തദ്ദേശഭരണ സ്ഥാപനങ്ങളിൽ ലയിപ്പിക്കാനോ യോജിച്ചു പ്രവർത്തിക്കാനോ വേണ്ടിയുള്ള ഒരു കർമ്മപരിപാടി വികസിപ്പിക്കുക എന്നിവയാണ് ഈ പരിപാടിയിലെ പ്രവർത്തനങ്ങൾ.

കാലഹരണപ്പെട്ട സമാന്തര സംവിധാനങ്ങൾ നിറുത്തലാക്കുക, സമാന്തര സംവിധാനങ്ങളുടെ പ്രവർത്തനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ സമന്വയിപ്പിക്കുക, സമാന്തര പദ്ധതികൾ നിറുത്തലാക്കുക, പൊതുമേഖലാ യൂണിറ്റുകളുടെ പ്രവർത്തനം തദ്ദേശഭരണ സ്ഥാപനങ്ങളുമായി സംയോജിപ്പിക്കുന്ന വ്യവസ്ഥ ഏർപ്പെടുത്തുക, അധികാര വികേന്ദ്രീകരണത്തിന്റെ പശ്ചാത്തലത്തിൽ വികസന അതോറിറ്റികളുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കുന്നതിന് നിയമ ഭേദഗതികൾ വരുത്തുക മുതലായവയാണ് നേട്ടങ്ങൾ.

## 3. അക്ഷയ പരിപാടിയുടെ മാർഗ്ഗരേഖകൾ

(3.1.2003-ലെ ജി.ഒ. (എം.എസ്) 1/03/പ്ലാനിംഗ്, 29.3.2003-ലെ ജി.ഒ.(എം.എസ്) 46/03/പ്ലാനിംഗ്, 26.4.2003-ലെ ജി.ഒ. (എം.എസ്) 50/03/പ്ലാനിംഗ് മുതലായ സർക്കാർ ഉത്തരവുകൾ പ്രകാരം )

1. ജില്ലയിലെ എല്ലാതലത്തിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സംയുക്ത സംരംഭമാണെങ്കിലും ഗ്രാമ പഞ്ചായത്തുകളുടേയും നഗരസഭാ സ്ഥാപനങ്ങളുടേയും ചുമതലയിലാണ് അക്ഷയ കമ്പ്യൂട്ടർ പ്രോജക്ട് നടപ്പിലാക്കേണ്ടത്.
2. കമ്പ്യൂട്ടർ സാക്ഷരതാ പരിശീലനത്തിന്റെ ചെലവ് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്ന് വഹിക്കുക.
3. പരിശീലന ചെലവിന് ഒരു കുടുംബത്തിന് ആകെ 120 രൂപ നിരക്കിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സംയുക്തമായി വകയിരുത്താവുന്നതാണ്. അതുപ്രകാരം ഓരോ കുടുംബത്തിനും ഗ്രാമപഞ്ചായത്തുകൾ 80 രൂപ വീതവും ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും 20 രൂപ വീതവും വകയിരുത്തേണ്ടതാണ്. എന്നാൽ നഗരസഭകൾ ഒരു കുടുംബത്തിന് 120 രൂപ ക്രമത്തിൽ വകയിരുത്തണം.
4. ഈ പരിപാടിക്ക് ഒരു തദ്ദേശ ഭരണ സ്ഥാപനം ആകെ വകയിരുത്തേണ്ടുന്ന വിഹിതം 60 : 40 അനുപാതത്തിൽ രണ്ട് വാർഷിക പദ്ധതികളിലായി നൽകാവുന്നതാണ്.
5. പട്ടികജാതി കുടുംബങ്ങളുടെ പരിശീലന ചെലവ് പ്രത്യേക ഘടക പദ്ധതി വിഹിതത്തിൽ നിന്നും പട്ടികവർഗ്ഗക്കാർക്ക് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും പൊതു വിഭാഗത്തിൽ ഉള്ള കുടുംബങ്ങൾക്ക് വേണ്ടി വരുന്ന ചെലവ് പൊതു വിഭാഗം പദ്ധതി വിഹിതത്തിൽ നിന്നും വഹിക്കേണ്ടതാണ്.
6. പരിശീലനം നൽകുന്നതിനുള്ള കമ്പ്യൂട്ടർ സെന്ററുകൾ തെരഞ്ഞെടുക്കുന്നതും അവയുടെ സ്ഥാനം (Location) നിർണ്ണയിക്കുന്നതും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ/ നഗരസഭയുടെ ചുമതലയിൽ ആയിരിക്കണം.
7. വിവര സാങ്കേതിക വകുപ്പ് (Information Technology Department) പരിശീലന സിലബസും കൈപ്പുസ്തകങ്ങളും തയ്യാറാക്കി വിതരണം ചെയ്യുന്നതും കമ്പ്യൂട്ടർ ബോധവത്ക്കരണ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതുമാണ്.
8. തദ്ദേശ ഭരണ സ്ഥാപനങ്ങൾ വകയിരുത്തുന്ന തുക അവയുടെ ഓരോ വിഭാഗത്തിലെയും പദ്ധതി വിഹിതങ്ങളിൽ നിന്ന് കുറവ് ചെയ്തതിനുശേഷം ബാക്കി തുകയ്ക്ക് ഉല്പാദന, സേവന, പശ്ചാത്തല മേഖലകൾക്ക് നിശ്ചയിച്ചിട്ടുള്ള പരിധിക്ക് വിധേയമായി മേഖലാ വിഭജനം നടത്തിയാൽ മതിയാകും.
9. അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പരിപാടിയുടെ നിർവ്വഹണ പുരോഗതി ചുവടെ സൂചിപ്പിക്കുന്ന സംസ്ഥാനതല സമിതി മോണിറ്റർ ചെയ്യുന്നതാണ്.
   - പ്രിൻസിപ്പൽ സെക്രട്ടറി, ഗ്രാമ വികസനം
   - സെക്രട്ടറി, തദ്ദേശ സ്വയം ഭരണം
   - സെക്രട്ടറി, ആസൂത്രണം
   - സെക്രട്ടറി, വിവര സാങ്കേതികം

**കേരള സർക്കാർ**

**(സംഗ്രഹം)**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പത്താം പഞ്ചവത്സര പദ്ധതി - പദ്ധതി രൂപീകരണ ചെലവുകൾ - പരിധി പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.:-

---

**ആസൂത്രണ സാമ്പത്തിക കാര്യ(എ) വകുപ്പ്**

ജി. ഒ. (എം.എസ്) നമ്പർ. 60/2002/ പ്ലാനിംഗ് തിരുവനന്തപുരം, 2002, ഡിസംബർ, 13

---

പരാമർശം: 1. 18-07-2002ലെ ജി.ഒ.(എം.എസ്.)29/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
2. 24-09-2002ലെ ജി.ഒ.(എം.എസ്.)40/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
3. 22-10-2002ലെ ജി.ഒ.(എം.എസ്.)47/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്

## ഉത്തരവ്

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പത്താം പഞ്ചവത്സര പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾക്ക് 2002-2003ലെ പദ്ധതി വിഹിതത്തിൽ നിന്ന് ചെലവാക്കാവുന്നതിന് നിശ്ചയിച്ചിരുന്ന തുകയുടെ പരിധി പരാമർശം രണ്ടിലെ സർക്കാർ ഉത്തരവ് മുഖേന വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. അത് പ്രകാരം ആകെ പദ്ധതി വിഹിതത്തിന്റെ ഒരു ശതമാനം എന്ന പരിധിക്ക് വിധേയമായി ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്കു പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയ്ക്ക് പരമാവധി 75,000 രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്ക് പരമാവധി 1,00,000 രൂപ വരെയും കോർപ്പറേഷനുകൾക്ക് പരമാവധി 1,25,000 രൂപ വരെയും പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി വിഹിതത്തിന്റെ ഒരു ശതമാനം തുക 50,000 രൂപയിൽ കുറവായ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പരമാവധി 50,000 രൂപ വരെയും ചെലവഴിക്കുന്നതിന് പരാമർശം മൂന്നിലെ സർക്കാർ ഉത്തരവ് മുഖേന അനുമതി നൽകിയിട്ടുണ്ട്.

2. എന്നാൽ കാസറഗോഡ്, ഇടുക്കി ജില്ലകളിലെ ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ പദ്ധതി രേഖയും അനിവാര്യ പ്രമാണങ്ങളും യഥാക്രമം കന്നട ഭാഷയിലും തമിഴ് ഭാഷയിലും കൂടി തയ്യാറാക്കേണ്ടതിനാൽ അങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള പരിധിയുടെ 50 ശതമാനവും ആ ജില്ലകളിലേതുൾപ്പെടെ സംസ്ഥാനത്തെ മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചെലവാക്കുവാൻ അനുവദിക്കപ്പെട്ടിട്ടുള്ള തുകയുടെ 25 ശതമാനവും കൂടുതലായി പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുവാൻ അനുവദിക്കേണ്ടതാണെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

3. കോർഡിനേഷൻ സമിതിയുടെ ശുപാർശ ഗവൺമെന്റ് വിശദമായി പരിശോധിച്ചതിനു ശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾക്ക് 2002-2003 ധനകാര്യ വർഷം പരമാവധി ചെലവാക്കാവുന്ന തുക ചുവടെ വിവരിക്കുന്ന രീതിയിൽ പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. കാസറഗോഡ് ജില്ലയിൽ കന്നട ഭാഷയിലും ഇടുക്കി ജില്ലയിൽ തമിഴ് ഭാഷയിലും കൂടി പത്താം പഞ്ചവത്സര പദ്ധതിരേഖയും അനിവാര്യ പ്രമാണങ്ങളും തയ്യാറാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾക്കായി സൂചനയിലെ ഉത്തരവുകൾ പ്രകാരം പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിക്കാൻ അനുവദിക്കപ്പെട്ടിട്ടുള്ള തുകയുടെ 50 ശതമാനം വരെയും കാസറഗോഡ്, ഇടുക്കി ജില്ലകളിലേതുൾപ്പെടെയുള്ള സംസ്ഥാനത്തെ മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിലവിലുള്ള പരിധിയുടെ 25 ശതമാനം വരെയും കൂടുതലായി ഇതിനായി ചെലവഴിക്കാവുന്നതാണ്.

5. മുകളിൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ ഇപ്രകാരം ഭേദഗതി ചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

**എസ്.എം. വിജയാനന്ദ്**
ഗവൺമെന്റ് സെക്രട്ടറി (ആസൂത്രണം)

GOVERNMENT OF KERALA

Abstract

Assets transferred to Local Governments- Utilization of income from land - Orders issued.

---

LOCAL SELF GOVERNMENT (DP) DEPARTMENT

G.O.(Rt)No.677/2003/LSGD. Thiruvananthapuram, dated, 27.2.2003.

---

ORDER

As part of decentralization various public assets have been transferred to Local Governments. These assets like Schools, Hospitals, Agriculurral Farms, Roads etc. have land which can be used productively by local Governments, even though local Government do not have the right to alienate such land or use it for purposes unrelated to the original purpose of the asset.

Local Governments have pointed out that they are willing to invest in the land and develop it productively if the existing stipulation that the revenue from such assets be credited to Government Account is modified and the local Governments are allowed to credit such income to the Panchayat Fund or Municipal Fund as the case may be.

Government have examined the matter in detail and are pleased to order that the income accruing from the assets like schools, hospitals, farms etc. which are under the control of Local Governments should transferred as own income of the Local Governments concerned.

By Order of the Governor

N. Chandrasekharan Nair
Chief Secretary to Government.

## കേരള സർക്കാർ

**(സംഗ്രഹം)**

വികേന്ദ്രീകൃതാസൂത്രണം - പത്താം പഞ്ചവത്സര പദ്ധതി (2002-07)-തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതുമരാമത്ത് പണികളുടെ ടെണ്ടർ സംബന്ധിച്ച് - മാർഗ്ഗരേഖ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയം ഭരണ (ഡി.പി.) വകുപ്പ്**

ജി.ഒ.(പി) നമ്പർ. 322/2003/ തസ്വഭവ — തിരുവനന്തപുരം, 2003, നവംബർ 3

---

പരാമർശം:- 6.6.2002-ലെ ജി.ഒ.(എം.എസ്) 20/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്

## ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങൾ പത്താം പഞ്ചവത്സര പദ്ധതിയിൽ ഏറ്റെടുക്കുന്ന പൊതുമരാമത്ത് പണികളിൽ അദ്ധ്യാപക രക്ഷാകർത്തൃ സമിതികൾ ഏറ്റെടുക്കുവാൻ തയ്യാറാകുന്ന സ്കൂൾ, അംഗൻവാടി കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിട നിർമ്മാണ പ്രവൃത്തികൾ, ടാറിംഗ് ആവശ്യമുള്ള റോഡു പണികൾ, എസ്റ്റിമേറ്റ് തുക 25,000 രൂപയിൽ കൂടുതലുള്ള പൊതുമരാമത്ത് പണികൾ എന്നിവ ടെണ്ടർ നല്കി നിർവഹണം നടത്തേണ്ടതാണെന്ന് പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശം നല്കിയിട്ടുണ്ട്.

2. എന്നാൽ ആവർത്തിച്ച് ടെണ്ടർ ക്ഷണിച്ചിട്ടും ഒരു ടെണ്ടർ പോലും ലഭിക്കാത്ത പ്രോജക്ടുകൾ, ഒരു ടെണ്ടർ മാത്രം ലഭിച്ചിട്ടുള്ള പ്രോജക്ടുകൾ എന്നിവയുടെ നിർവഹണം സംബന്ധിച്ച് നിർദ്ദേശം നല്കേണ്ടതാണെന്ന് പല തദ്ദേശഭരണ സ്ഥാപനങ്ങളും ആവശ്യപ്പെടുകയുണ്ടായി.

3. ഈ വിഷയവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എഞ്ചിനീയർമാരുടെ ഒരു ടെക്നിക്കൽ കമ്മിറ്റിയെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി ചുമതലപ്പെടുത്തുകയുണ്ടായി. ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ കോർഡിനേഷൻ സമിതി ചർച്ച ചെയ്ത് ഗവൺമെന്റിലേയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

4. കോർഡിനേഷൻ സമിതിയുടെ ശുപാർശകൾ ഗവൺമെന്റ് വിശദമായി പരിശോധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതുമരാമത്ത് പണികൾക്ക് ടെണ്ടർ സ്വീകരിക്കുന്നതിനും കെട്ടിടങ്ങൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് എസ്റ്റിമേറ്റിനെക്കാൾ അധികം തുകയ്ക്ക് ടെണ്ടർ നല്കേണ്ടിവരികയാണെങ്കിൽ അതു സംബന്ധിച്ച നടപടികൾക്കും ചുവടെയുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു:-

4.1 തുടർച്ചയായി ടെണ്ടർ ക്ഷണിച്ചിട്ടും ഒരു ടെണ്ടർ പോലും ലഭിക്കാത്ത പൊതുമരാമത്ത് പണികൾ നടത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അർഹരായ കോൺട്രാക്ടർമാരുമായി നേരിട്ട് നെഗോഷ്യേറ്റ് ചെയ്ത് എസ്റ്റിമേറ്റ് റേറ്റിലോ അതിൽ കുറവോ ആയ നിരക്ക് തീരുമാനിച്ച് നിർമ്മാണം ഏല്പിക്കാവുന്നതാണ്. അപ്രകാരം നെഗോഷ്യേറ്റ്

ചെയ്ത് കരാർ ഉറപ്പിക്കുമ്പോൾ എസ്റ്റിമേറ്റിനെക്കാൾ അധികം തുകയ്ക്ക് കരാർ നല്കുവാൻ പാടില്ലാത്തതാണ്.

4.2 എസ്റ്റിമേറ്റ് റേറ്റിലോ അതിൽ കുറഞ്ഞ നിരക്കിലോ ഒരു ടെണ്ടർ മാത്രം ലഭിക്കുകയാണെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിലേയ്ക്ക് നിയമിച്ചിട്ടുള്ള/പുനർ വിന്യസിക്കപ്പെട്ടിട്ടുള്ള എഞ്ചിനീയറുടെ കാര്യകാരണസഹിതമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ടെണ്ടർ സ്വീകരിച്ച് കരാർ നല്കാവുന്നതാണ്.

4.3 നെഗോഷിയേറ്റ് ചെയ്താലും നിർവഹണം ഏല്പിക്കുവാൻ കഴിയാത്ത പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേരിട്ടോ അക്രഡിറ്റഡ് ഏജൻസികൾ മുഖേനയോ നടത്താവുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും ഗുണഭോക്തൃ സമിതിയെ ഏല്പിക്കുവാൻ പാടില്ലാത്തതാണ്.

4.4 തദ്ദേശഭരണ സ്ഥാപനങ്ങളുടെ കെട്ടിടം, പാലം എന്നിവയുടെ നിർമ്മാണത്തിന് മാത്രം ചുവടെ വിവരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി എസ്റ്റിമേറ്റ് തുകയെക്കാൾ 5 ശതമാനം Tender Excess അനുവദിക്കാവുന്നതാണ്:-

(i) പൊതുമരാമത്ത് വകുപ്പിന്റെ 1999-ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിനാണ് Tender Excess പരിഗണിക്കേണ്ടത്.

(ii) ടെണ്ടർ, റീടെണ്ടർ, നെഗോസിയേഷൻ മുതലായ നടപടികൾ സ്വീകരിച്ചതിനുശേഷം മാത്രമെ Tender Excess നല്കുന്ന കാര്യം പരിഗണിക്കേണ്ടതുള്ളൂ.

(iii) Tender Excess നല്കിയെങ്കിൽ മാത്രമെ കരാർ പോകുകയുള്ളൂ എന്നുള്ള പ്രോജക്ടുകൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, സെക്രട്ടറി, ടെക്നിക്കൽ കമ്മിറ്റി ചെയർമാൻ, കൺവീനർ, തദ്ദേശഭരണ സ്ഥാപനത്തിലേയ്ക്ക് പുനർ വിന്യസിക്കപ്പെട്ട/ നിയമിക്കപ്പെട്ട എഞ്ചിനീയർ എന്നിവർ ഉൾപ്പെട്ട ഒരു "ടെണ്ടർ കമ്മിറ്റി" വിശദമായി പരിശോധിച്ച് എസ്റ്റിമേറ്റ് തുകയുടെ 5 ശതമാനത്തിന് വിധേയമായി Tender Excess-ന്റെ പരിധി നിശ്ചയിക്കേണ്ടതാണ്.

(iv) അപ്രകാരം ടെണ്ടർ കമ്മിറ്റി തലത്തിലും തീരുമാനം എടുക്കാൻ കഴിയാത്ത പ്രോജക്ടുകളുടെ നിർവഹണത്തിന് ചുവടെയുള്ള ഏതെങ്കിലും ഒരു രീതി അവലംബിക്കാവുന്നതാണ്.

(a) നിർമ്മിതികേന്ദ്ര, കോസ്റ്റ്ഫോർഡ്, ഹാബിറ്റാറ്റ് മുതലായ അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള നിർവഹണം

(b) നേരിട്ടുള്ള നിർവഹണം

(v) എന്നാൽ അക്രഡിറ്റഡ് ഏജൻസികൾ/നേരിട്ട് മുഖേനയുള്ള നിർവഹണത്തിന് പൊതുമരാമത്ത് പണികളുടെ നിർവഹണ ചട്ടങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

4.5 കെട്ടിടം, പാലം എന്നിവ ഒഴികെ മറ്റ് നിർമ്മാണ പ്രവൃത്തികൾക്ക് യാതൊരു കാരണ വശാലും Tender Excess അനുവദിക്കുവാൻ പാടില്ലാത്തതാണ്.

4.6 ഈ ഉത്തരവിന്റെ തീയതിയിലോ അതിനുശേഷമോ കരാർ വ്യവസ്ഥയിൽ ഏർപ്പെടുന്ന നിർമ്മാണ പ്രവൃത്തികൾക്ക് മാത്രമെ Tender Excess അനുവദിക്കുവാൻ പാടുള്ളൂ.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**പി. കമാൽകുട്ടി**
സെക്രട്ടറി

GOVERNMENT OF KERALA

Abstract

Power Department - Metered Supply of Electricity for Street Lights - Guide lines and Principles for implementation - Sanctioned - Orders issued.

POWER [C] DEPARTMENT

G.O.(Ms)No. 34/2003/PD Dated, Thiruvananthapuram, 02.12.2003.

Read:- 1. G.O.(Rt)No.275/99/PD dated 11.10.1999.

2. Report dated March, 2000 of the Committee constituted to study the problems faced by the Local Bodies on the Street lighting system and allied matters.

3. G.O.(Rt)No.213/01/PD dated 18.10.2001.

4. Correspondence resting with letter No. Plg.Com 3515/98/195 dated 23.07.2003 from the Deputy Chief Engineer (Commercial), Kerala State Electricity Board, Thiruvananthapuram.

## ORDER

Government as per G.O.read as 1st paper above have constituted a Committee, with directions to submit its report suggesting remedial measures to the various issues relating to Street Lights and allied matters. The Committee consisted of the following members :-

i) Chairman, Kerala State Electricity Board. - Chairman
ii) Principal Secretary to Government (Power Department) - Member.
iii) Member (Distribution), Kerala State Electricity Board, - Member.
iv) Secretary(Local Administration) - Member.
v) Director of Municipal Administration - Member.
vi) Director of Panchayats - Member/Convenor.

2. The Committee submitted its Report to Government read as 2nd paper above. In the Report, the Committee has inter alia recommended for the Metered Supply of Electricity for the Street Lights in all Local Bodies at their option, subject to the conditions put forth therein. Government in the Local Self Government Department also examined the Report and recommended to issue sanction in this regard. Having considered all the aspects in detail, Government as per G.O. read as 3rd paper above, have accorded permissive sanction to the Local Bodies for the Metered Supply of Electricity for the Street Lights on the Terms and Conditions suggested by the Committee at Chapter VII of the Report.

Contd..2..

3. Government have examined the various Recommendations of the Committee in detail and the remarks of the Kerala State Electricity Board thereon. Government are also pleased to accept the various Recommendations of the Committee (with certain modifications) as shown in Annexure for implementation.

4. The Committee could not reach a consensus on the question of deployment of Kerala State Electricity Board Staff to Local Bodies. The Committee on redeployment of Staff to various Local Bodies in connection with Decentralisation of Powers in its meeting held on 27.10.2000 to discuss the redeployment of Staff of various Departments to Local Bodies concluded that the deployment of Kerala State Electricity Board Staff to Local Bodies is not feasible. Government endorse the above view and they order accordingly.

By Order of the Governor,
**R.SADASIVAN PILLAI,**
Deputy Secretary to Government

To

The Chairman, Kerala State Electricity Board, Thiruvananthapuram.
The Secretary, Kerala State Electricity Board, Thiruvananthapuram.
The Vice Chairman, State Planning Board, Pattom, Thiruvananthapuram.
The Deputy Chief Engineer(Commercial), K.S.E.Board, Thiruvananthapuram.
The Director, Urban Development, Thiruvananthapuram.
The Director of Panchayats, Thiruvananthapuram.
The Secretary, Kerala State Electricity Regulatory Commission,
Belhaven Gardens, Kowdiar, Thiruvananthapuram.
The Chief Electrical Inspector ,Thiruvananthapuram.
The Director, Information & Public Relations Department.
The Accountant General(Audit/A&E), Kerala, Thiruvananthapuram.
Private Secretary to Minister (Electricity)
Private Secretary to Minister(LSG)
PA to Secretary LSG(UD)
PA to Principal Secretary(Power)
CA to Additional Secretary (Power)
CA to Deputy Secretary(Power)
The LSG(L) Department (vide Note No. 8354/L2/02/LSGD dt. 02.04.2003)
The LSG(DP) Department (Vide D.O.No.53555/DP1/02/LSGD dt. 11.04.2003)
Planning & Economic Affairs Department
Power (A), (B) and (PS) Departments
Stock file/Office Copy/Spare .

**Forwarded/By Order**

**Section Officer.**

ANNEXURE

1. The Metered Supply shall be provided whenever the Local Bodies furnish their option, without fixing a cut off date, as per the prescribed terms and conditions enumerated here under .
2. The Local Bodies shall bear the cost of Energy Meters, metering arrangement, meter boxes, connecting wire, fuses, control switch etc., for the initial installation as well as periodical replacement and also their installation charges and the charge of providing connection. In view of the difficulties expressed by the representatives of Local Self Government for the procurement of the Energy Meters by the Local Bodies, the KSE Board will purchase and sell the Energy Meters to the Local Bodies at a standard rate. For the purpose of giving connections, the following charges according to the estimates prepared will have to be borne by the Local Body.
   (i) Towards the cost of Energy Meters, (5/20 A Electronic Meter) metering arrangement, meter box, connecting wire; fuses, etc. the Local Body shall deposit an amount of Rs.8350/- (Rupees Eight Thousand Three hundred and Fifty only). This does not cover the cost for periodical replacement and installation charges and charges for providing connections.
   (ii) The charges for initial installation and for providing connections (OYEC) - shall be Rs.750/- (Rupees Seven hundred and fifty only) per service. The total charges for metered supply is Rs.9100/- (Rupees Nine thousand and one hundred only). If the Electronic Meter is supplied by Local Body, then the cost of metering [item (i)] will be less by Rs.1000/-(Rupees One thousand only).
3. The KSE Board will give the standard design of the meter box, its installation arrangement, specifications of meter, fuses, control switch, connecting wire and all other materials. The specification of materials, standard design of the meter box and its installation arrangement shall be according to the details given in Appendix - I, II & III.
4. The KSE Board will prepare a standard estimate for the fabrication and installation of the meter box and fix a standard rate applicable throughout the State and will be intimated to the Local Bodies. The standard estimate shall also include the cost of Meter and all other materials and labour listed in Para 2. The Local Bodies shall have the option either to manufacture and erect the meter boxes including all materials themselves or remit the standard rate to KSE Board. A standard estimate prepared by Kerala State Electricity Board is shown at Appendix - I.

Contd..2..

5. The Installation of Meter and providing connection shall be done by the Board at the cost of the Local Bodies. The cost of installation of Meter and providing connections is estimated to be Rs. 750/- per service viz. item 2 (ii). This will have to be borne by the Local Body. The installation of the meter box on the service post shall be such that it shall be 1.5 M above ground level for easiness in taking meter readings and operation of the on-off switch. The operation of the on-off switch shall be the responsibility of the Local Body. The arrangements for providing the connections, installation of meter box etc. are shown in detail in the sketch appended as Appendix – III.
6. The location of the meter boxes shall be identified jointly by the Secretary of the Corporation/Municipality/Grama Panchayat or the person authorised by him and the Assistant Engineer of the concerned section. The number of meter boxes required shall be ascertained after fixing the locations and the number of street lights proposed to be controlled from each metering point. This will be intimated by the Assistant Engineer to the Local Body. The procedure to be followed by Local Bodies for giving application for availing supply for street lighting shall be according to the present practice. Execution of works connected with the street lighting should be undertaken by the KSE Board immediately after the Local Bodies remit the charges in full.
7. The Local Bodies shall bear the cost of extension of overhead power lines/under ground cable wherever necessary. The amount shall be remitted in advance. The charges for such works shall be on OYEC basis but excluding 20% development charges.
8. In all cases where the supply is metered or unmetered, the Local Bodies shall supply the lamps, fittings, brackets, clamps, connecting wires, chokes, condensers, holders, fuses and all other materials for new installation as well as for periodical replacement, free of cost to the KSE Board.
9. The Meters will be the property of the Local Bodies and they shall replace/repair the Meter when they become defective at their own cost and put back into the service within two months of becoming defective. The billing for the period when the Meter is defective will be done as per the standard practice followed by the KSE Board.
10. The KSE Board had three systems of billing viz.
    (i) Monthly self-meter reading and invoicing by the consumers themselves.
    (ii) Bi-monthly meter reading and spot billing and
    (iii) Provisional Invoice Card.

Contd..3..

Spot Billing System has been implemented throughout the State. Hence this system will be extended to Street Lighting also by allotting Consumer Number to each Metering Point. The Spot Biller shall take meter reading along with other consumers according to the area code and prepare bill as per ruling tariff rate. This shall be served to the Local Body from the section offices concerned for facilitating remittance of current charge.

11. If the Local Bodies do not opt for metered supply, the composite tariff based on burning hour prescribed by the KSE Board will be applicable, as is being done now. Where the composite tariff has not been fixed for certain types of lamps for different wattages, the KSE Board shall prescribe composite tariff.

12. As a pilot project, in Corporation areas, except Thrissur (who is Licensee) either partially or fully, the installation of new street lights, maintenance of the existing lights and the new lights will be entrusted with the Corporations. They may adopt the procedure followed in Bangalore City Corporation, if so desired. The Corporations except Thrissur will intimate their option within four months from the date of this order. The system will be extended to adjacent Municipal or Panchayat area also, at the option of the Municipalities or Panchayats, as the case may be. If any Corporation exercises this option KSE Board shall arrange to hand over the fixtures and materials on 'as is where is condition' realizing the costs which shall be worked out later and intimated.

13. The Advisory Body constituted as per G.O.(Ms)No.12/02/PD dated 31.05.2002 shall monitor the progress of maintenance of Street Lighting System under the Local Body.

14. The complaints of non-burning of lights can be registered in the Local Body's offices and also in KSE Board's Section offices. The complaints may be reported by the public or field staff of KSE Board or any other person.

15. All Wednesdays shall be earmarked for doing the maintenance work. The Local Bodies shall send their representatives on Wednesdays to the site for inspection and verification of the works done. If any Wednesday happens to be a holiday, it shall be done on the next working day.

16. The Assistant Engineers, Electrical Sections shall be the Nodal Officers in all matters for the street lighting work. They shall work in close liaison with the representatives of the Local Bodies.

17. The Street Light Tariff shall be the ruling tariff applicable from time to time.

18. The KSE Board shall carry out on a Special Priority Basis, the works for which the Local Bodies have deposited amount.

----------xxx----------